**അടിയന്തരപ്രമേയം**

ഗാർഹിക പീഡനം

മി.സ്പീക്കർ: ഓർഡർ..........ഓർഡർ........... ഗാർഹിക പീഡനം നടത്തിയെന്ന മന്ത്രിക്കെതിരെയുള്ള ഭാര്യയുടെ പരാതിയിൽ നിയമാനുസൃതം നടപടി സ്വീകരിക്കാതിരിക്കുകയും അങ്ങനെ ഒരു സംഭവമേ ഉണ്ടായിട്ടില്ലെന്ന് നിയമസഭയിൽ പറഞ്ഞ മുഖ്യമന്ത്രി പീഡനം നടത്തിയ ആളെ സംരക്ഷിക്കുകയും ഇപ്പോൾ മന്ത്രിക്ക് രാജി വയ്ക്കേണ്ടിവരികയും ചെയ്തതിനെത്തുടർന്നുളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, വി. എസ്. സുനിൽകുമാർ, ജോസ് തെറ്റയിൽ, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാൻ ഈ സഭയിൽ രണ്ടു കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. ആ രണ്ടു കാര്യങ്ങളിലും ഞാൻ ഉറച്ചുനിൽക്കുകയാണ്. അത് യാഥാർത്ഥ്യബോധത്തോടുകൂടിത്തന്നെ പറഞ്ഞിട്ടുള്ളതാണ്. ഒന്ന്, ഒരു മന്ത്രിയെ പുറത്തുനിന്ന് ഒരാൾ വന്ന് ക്രൂരമായി മർദ്ദിച്ചുവെന്ന് ഒരു ദിനപ്പത്രത്തിൽ വാർത്ത വരികയും, ശ്രീ. കെ.ബി. ഗണേശ്കുമാറാണ് ആ മന്ത്രിയെന്ന് തുടർന്ന് പത്രങ്ങളിൽ വാർത്ത വരികയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ അങ്ങനെ ഒരു സംഭവം, പുറത്തുനിന്ന് ഒരാൾ അവിടെ കയറി മർദ്ദനം നടത്തിയിട്ടില്ലെന്ന് മനസ്സിലായി. അങ്ങനെയുള്ള വാർത്ത ഒരു വിധത്തിലും ശരിയല്ല എന്ന്

ഞാൻ ഈ സഭയിൽ പറഞ്ഞു. ഇന്ന് ചിത്രം വളരെ വ്യക്തമായി. പുറത്തു നിന്ന് ഒരാൾ വന്ന് ശ്രീ. കെ. ബി. ഗണേഷ് കുമാറിനെ മർദ്ദിച്ചതായി ഒരു തെളിവും വന്നിട്ടില്ല. ഞാൻ സഭയെ തെറ്റിദ്ധരിപ്പിച്ചുവെന്ന് നിങ്ങൾ പറയു മ്പോൾ ഞാൻ പറഞ്ഞിടത്തുതന്നെ ഉറച്ചുനിൽക്കുന്നു. അതിനെക്കുറിച്ച് എല്ലാ കാര്യങ്ങളും പരിശോധിച്ച് പൂർണ്ണ ഉത്തരവാദിത്തത്തോടുകൂടിയാണ് ഞാനിത് പറഞ്ഞിട്ടുള്ളത്. രണ്ടാമത്തെ കാര്യം, ശ്രീ കെ. ബി. ഗണേഷ് കുമാറിന്റെ ഭാര്യ ശ്രീമതി യാമിനി തങ്കച്ചി എനിക്ക് പരാതി തന്നിട്ടും ഞാൻ നടപടി സ്വീകരിച്ചില്ല എന്ന് ആദ്യം പറഞ്ഞു. പരാതി തന്നിട്ടും ഞാൻ പരാതി വാങ്ങിയില്ല എന്ന് പിന്നീട് പറഞ്ഞു. അവർ എനിക്ക് പരാതി തരികയോ തരാൻ വേണ്ടി കൊണ്ടുവരികയോ ചെയ്തിട്ടില്ല. അവർ എന്നെ വന്ന് കണ്ടു. ഡോ. യാമിനി തങ്കച്ചിയും ശ്രീ. കെ. ബി. ഗണേഷ് കുമാറും തമ്മിൽ നിലനി ന്നിരുന്ന ഗാർഹിക പ്രശ്നം (തികച്ചും വ്യക്തിപരമായിട്ടുള്ള കാര്യങ്ങൾ) ഡോ. യാമിനി എന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും എങ്ങനെയും യോജിച്ചുപോകണമെന്ന് അവരോട് ഞാൻ പറഞ്ഞ സമയത്ത് അവർ പറഞ്ഞത് അതിനുള്ള സാധ്യതയില്ലെന്നാണ്. അപ്പോൾ, എല്ലാം ആലോചിച്ച ശേഷമാണോയെന്ന് ഞാൻ ചോദിച്ചു. കാരണം, ഇതിനുമുമ്പ് ഒരിക്കൽ ഇവർ വേർപിരിയുകയും വീണ്ടും ഒരുമിക്കുകയും ചെയ്തതാണ്. ഞാൻ വീണ്ടും രണ്ടുമൂന്നു പ്രാവശ്യം ആവർത്തിച്ചു ചോദിച്ചു. അപ്പോൾ പറഞ്ഞത് ഒത്തു പോകാൻ ബുദ്ധിമുട്ടാണെന്നാണ്. അങ്ങനെയാണെങ്കിൽ രണ്ടുപേരുടേയും ബന്ധപ്പെട്ടവരെ നിയോഗിച്ച് ചർച്ചചെയ്ത് ഒരു ധാരണയോടുകൂടി പിരിയാൻ ശ്രമിക്കണമെന്ന് പറഞ്ഞു. അതനുസരിച്ച് അവരുടെ ബന്ധുവും ശ്രീ. ഗണേഷ് കുമാറിന്റെ ബന്ധുവും ഇരുകൂട്ടത്തിൽനിന്നുമുള്ള വെൽവിഷേഴ്സും ഒക്കെ കൂടി ചർച്ചകൾ നടത്തി ഒരു ധാരണയുണ്ടാക്കി

ഒപ്പുവച്ചു. ഇരുകൂട്ടർക്കും സ്വീകര്യമായതുകൊണ്ടാണല്ലോ ഇരുകൂട്ടരും ഒപ്പിടുന്നത്. അതിനകത്തെ ഒരു ക്ലോസ് നടപ്പിലാക്കുന്നതിൽ ഇവർ തമ്മിൽ തർക്കമുണ്ടായി. ആ തർക്കം തീർക്കാൻ നടത്തുന്ന ശ്രമത്തിനിടയിലാണ് ഈ പ്രശ്നം കുടുംബകോടതിയുടെ പരിധിയിലേക്ക് വരികയും അത് ഇന്നലെ കൂടുതൽ വിവാദമാവുകയും ചെയ്തത്. അവർ കൊണ്ടുവന്ന പരാതി ഞാൻ വാങ്ങിച്ചില്ല എന്നു പറയുന്നവരോട് എനിക്ക് പറയാനുള്ളത്, ഒരു പരാതിക്കാരി ഒരു സ്ഥാനത്തിരിക്കുന്ന ആളിനെ കാണുന്നത് തനിക്ക് നീതി കിട്ടുമെന്ന പ്രതീക്ഷയോടുകൂടിയാണ്. ആ പരാതി വാങ്ങാൻപോലും തയ്യാറാകാത്ത ഒരാളെ അവർ വീണ്ടും മൂന്നുപ്രാവശ്യംകൂടി വന്ന് കാണുന്നത് ഏത് സാഹചര്യത്തിലാണ്? നീതി ലഭിക്കുമെന്നുള്ള പ്രതീക്ഷയോടെതന്നെയാണ് എന്നതിൽ യാതൊരു സംശയവുമില്ല. ഇന്നലെ അവർ വന്ന് എന്നെ കണ്ടു. അവരുടെ പരാതി തന്നു, ഞാൻ അത് വാങ്ങി. അതുകഴിഞ്ഞ് അവർ നേരെ പോലീസ് സ്റ്റേഷനിൽ പോയി പരാതി കൊടുത്തു. അവർ മാർച്ച് 6–ാം തീയതി എന്നെ കാണാൻ വന്നത് പരാതി തരാനുള്ള ഉദ്ദേശ്യത്തോടുകൂടിയായിരുന്നു, ഞാൻ വാങ്ങിയില്ലെങ്കിൽ എന്തുകൊണ്ട് അന്ന് പോലീസ് സ്റ്റേഷനിൽ പോയില്ല? ...... (ബഹളം)....

<u>മി.സ്പീക്കർ</u>: അടിയന്തിരപ്രമേയത്തിന് നോട്ടീസ് തന്ന ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന് മുഖ്യമന്ത്രി പറയുന്നത് കേട്ടിട്ടല്ലേ സംസാരിക്കാൻ സാധിക്കൂ; നിങ്ങൾ ബഹളം ഉണ്ടാക്കിയാൽ അദ്ദേഹത്തിന് പറയാൻ പറ്റുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, ഇന്നലെ അവർ രണ്ട് പരാതിയാണ് തന്നത്. ഒന്ന് ഇന്നലത്തെ തീയതിയിട്ട (1–4–2013) പരാതി, മറ്റൊന്ന് നേരത്തെ തരാൻ

തയ്യാറാക്കിയിരുന്ന മാർച്ച് 7 എന്ന് തീയതി വച്ച പരാതി. അന്ന് എന്നെ വന്ന് കണ്ടപ്പോൾ ഇത് കൊണ്ടുവന്നിരുന്നോയെന്ന് ഞാൻ ചോദിച്ചപ്പോൾ കാറിൽ ഉണ്ടായിരുന്നുവെന്നാണ് പറഞ്ഞത്. ഒരുപക്ഷേ ശരിയായിരിക്കാം. പക്ഷേ, നിങ്ങൾ ഒന്ന് ധരിക്കണം. സത്യം സത്യമായി വരും. എന്നെ അവർ വന്ന് കണ്ടത് മാർച്ച് 6–ാം തീയതി അതിരാവിലെയാണ്. നേരത്തെ തയ്യാറാക്കി യെന്ന് പറയുന്ന പരാതിയുടെ ഡേറ്റ് മാർച്ച് 7–ാം തീയതിയാണ്. പരാതി യൊക്കെ സ്വീകരിച്ച് അതിൻമേൽ സ്വീകരിക്കാൻ പോകുന്ന നടപടി കളൊക്കെ വിശദീകരിച്ചശേഷം ഞാൻ ചോദിച്ചു, ഞാൻ വഞ്ചിച്ചുവെന്ന് ഒരു വാർത്തയുണ്ടല്ലോ എന്ന്. അപ്പോൾ അവർ പറഞ്ഞു, ഞാൻ ഈ പ്രശ്നം തീരണമെന്നാഗ്രഹിച്ചു, തീരുമെന്ന് പ്രതീക്ഷിച്ചു. നിങ്ങളുടെയൊക്കെ ഇടപെടലിന് ഒരു ഫലമുണ്ടാകുമെന്ന് കരുതി. പക്ഷേ ഇടപെട്ടവരൊക്കെ തീരുമെന്ന് പറഞ്ഞിട്ടും ഈ പ്രശ്നം ഇങ്ങനെ വഷളായി വന്ന സാഹചര്യ ത്തിൽ ഞാൻ പറഞ്ഞതാണ്. മുഖ്യമന്ത്രിയെ മാത്രമല്ല ഇതിൽ ഇടപെട്ട എല്ലാ വരെയും ഉദ്ദേശിച്ചാണ് പറഞ്ഞത്. അവരുടെ പ്രതീക്ഷ തെറ്റി വഞ്ചിക്കപ്പെട്ടു വെന്ന നിലയിൽ പറഞ്ഞതാണെന്ന് പറഞ്ഞു. നിങ്ങൾ സ്വയം ഒന്ന് ആലോചിക്കൂ, നിങ്ങളൊന്നു ചിന്തിക്കൂ. ഞാൻ മുഖ്യമന്ത്രി മാത്രമല്ല ഒരു പൊതുപ്രവർത്തകനുംകൂടിയാണ്. ഞാൻ പ്രശ്നങ്ങളിൽനിന്ന് ഓടിപ്പോകുന്ന ആളല്ല. പ്രശ്നങ്ങളുടെ ഇടയിൽ നിന്ന് അത് പരിഹരിക്കാൻ എനിക്കെ ന്തെങ്കിലും ചെയ്യാൻ പറ്റുമെങ്കിൽ അതിന് ഞാൻ ശ്രമിക്കും. അക്കാര്യത്തിൽ എന്റെ സ്ഥാനമോ ഇമേജോ ഒന്നും ഞാൻ പ്രശ്നമാക്കാറില്ല. അത് എന്റെ ഒരു പ്രവർത്തന ശൈലിയാണ്. മുഖ്യമന്ത്രിയെന്ന നിലയിൽ ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിൽ ഇടപെടാതിരുന്നാൽ ആരെങ്കിലും എന്നെ കുറ്റപ്പെടു

ത്തുമോ? താൻ മുഖ്യമന്ത്രിയെ കണ്ടത് ഒരു അച്ഛനെപ്പോലെയാണെന്ന് അവർ തന്നെ പറഞ്ഞിട്ടുണ്ട്. അങ്ങനെ കാണുന്ന ഒരാൾ വന്ന് അവരുടെ കുടുംബ പ്രശ്നം എന്നോട് പറയുമ്പോൾ അവരോട് കേസിന് പോകാനോ നിയമ നടപടിസ്വീകരിക്കാനോ ആണോ പറയേണ്ടത്? അതിന് ഏതെങ്കിലുമൊരു പരിഹാരമാർഗ്ഗം ഉണ്ടാക്കാൻ പറ്റുമോയെന്ന് ആത്മാർത്ഥമായി ശ്രമിച്ചു. അതിനുവേണ്ടി ദിവസങ്ങൾ ചെലവഴിച്ചു. ഇതുമായി ബന്ധപ്പെട്ട നിരവധി ആളുകൾ ഉണ്ട്. ഈ സമൂഹം വളരെയധികം ആദരിക്കുന്ന വളരെയധികം വ്യക്തികൾ ഇതിൽ ഭാഗഭാക്കാണ്. അവർക്കെല്ലാം ഇതിന്റെ വിവരം അറിയാം. പക്ഷേ, അവസാന സമയത്തുണ്ടായ ചില പ്രത്യേക സാഹചര്യങ്ങളിൽ അത് നടക്കാതെ പോവുകയും അവർ പരാതി നൽകുകയും ചെയ്തു. അങ്ങനെയൊരു പരാതി ലഭിച്ചാൽ എപ്പോഴും പറയാറുള്ളതുപോലെ നിയമം നിയമത്തിന്റെ വഴിക്കുതന്നെ നടക്കും. അതിന്റെ ഭാഗമായിട്ടുള്ള തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇങ്ങനെയൊരു പരാതി ലഭിച്ച ഉടൻതന്നെ അത് ഡി.ജി.പി.യെ ഏൽപ്പിക്കുകയും അതുസംബന്ധിച്ച് അദ്ദേഹം സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിച്ചതിനെത്തുടർന്ന് ശ്രീ. കെ. ബി. ഗണേഷ് കുമാറുമായി ഇക്കാര്യം സംസാരിക്കുകയും അദ്ദേഹം മന്ത്രി സ്ഥാനം രാജിവയ്ക്കാനുള്ള സന്നദ്ധത സ്വയം പ്രകടിപ്പിക്കുകയും ചെയ്തു. ഇന്നലെ രാത്രിതന്നെ അദ്ദേഹം ക്ലിഫ് ഹൗസിലെത്തി രാജിക്കത്ത് സമർപ്പിച്ചു. അദ്ദേഹത്തിന്റെ രാജിക്കത്ത് രാവിലെ തന്നെ ഗവർണ്ണർക്ക് കൈമാറാൻ ആഗ്രഹിച്ചപ്പോൾ അദ്ദേഹം സ്ഥലത്തില്ല, ടെലിഫോണിലൂടെ കോൺടാക്ട് ചെയ്യാൻ ശ്രമിച്ചപ്പോൾ അദ്ദേഹം ഫ്ളൈറ്റിൽ യാത്രയിലാണ്. ഏതായാലും ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ രാജിക്കത്ത് എന്റെ ശുപാർശയോടുകൂടി രാജ്ഭവനിൽ എത്തിച്ചു. ഗവർണ്ണർ ഡൽഹിയിൽ എത്തുന്ന സമയത്ത് ആ

ഫാക്സ് അവിടെ എത്തും. അതിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കുന്ന താണ്. ഈ കാര്യത്തിൽ നിയമപരമായി നടപടികൾ എടുക്കുന്നതിൽ ഒരു വീഴ്ചയും വരുത്തുകയില്ല. പക്ഷേ, കുടുംബപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മിതത്വവും ഗൗരവവും മര്യാദയും ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. അതുമാത്രമാണ് ഞാൻ ചെയ്തിട്ടുള്ളത്. അല്ലാതെ ഒരു തെറ്റും ഇക്കാര്യ ത്തിൽ ചെയ്തിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് ഞാൻ ഈ സഭയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പൂർണ്ണമായും ശരിയാണെന്ന് ഒരിക്കൽകൂടി പറയുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. കെ. ബി. ഗണേഷ്കുമാർ ഒരു നടനാണ്; പക്ഷേ അദ്ദേഹത്തേക്കാൾ നല്ല നടൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യാണെന്ന് അദ്ദേഹത്തിന്റെ ഈ പ്രകടനത്തോടുകൂടി വ്യക്തമായിരിക്കുകയാ ണ്. ഈ വർഷത്തെ ഒസ്ക്കാർ അവാർഡിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൂർണ്ണമായി അർഹനാണ്. ഞങ്ങൾ അതിന് ശുപാർശ ചെയ്യുകയാണ്. മംഗളം പത്രം ഒരു വാർത്ത കൊടുത്തതിനെത്തുടർന്നാണ് ഈ പ്രശ്നം ഇവിടെ ഉയർന്നുവന്നത്. മന്ത്രിക്ക് കാമുകിയുടെ ഭർത്താവിന്റെ മർദ്ദനമേറ്റു എന്നുമാത്രമേ ആ പത്രത്തിൽ പറഞ്ഞിട്ടുള്ളൂ. മർദ്ദനമേറ്റത് ആർക്കാണെന്ന് വെളിപ്പെടുത്തിയത് മന്ത്രിപദവിയുള്ള ഗവൺമെന്റ് ചീഫ് വിപ്പാണ്. ഈ പ്രശ്നങ്ങൾ ഞങ്ങൾ ഉണ്ടാക്കിയതല്ല; ഞങ്ങൾ ഇതിൽ കക്ഷിയുമല്ല. ഭരണക ക്ഷിയംഗങ്ങൾ തന്നെയാണ് ഈ പ്രശനം മുഴുവൻ ഉണ്ടാക്കിയത്. പ്രശ്നം വഷളാക്കിയത് മുഖ്യമന്ത്രിയാണെന്നാണ് ശ്രീ. കെ.ബി. ഗണേഷ്കുമാറിന്റെ പിതാവ്, ആ പാർട്ടിയുടെ ചെയർമാൻ പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ നടത്തിയിരിക്കുന്ന വിശദീകരണം പോലെയല്ല ഇതുസംബന്ധിച്ച പ്രശ്നമുണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. ഷിബു

ബേബി ജോൺ ഉൾപ്പെടെ ഇടനില നിന്നവരും ചേർന്ന് തന്നെ വഞ്ചിച്ചുവെന്ന് ഇന്നലെ പത്രസമ്മേളനം വിളിച്ചുചേർത്ത് ഡോ. യാമിനി തങ്കച്ചി ആരോപിച്ചു വെന്നാണ് മലയാള മനോരമ പത്രത്തിൽ റിപ്പോർട്ട് വന്നിരിക്കുന്നത്. ഡോ. യാമിനി തങ്കച്ചി പരാതിയുമായി എത്തിയപ്പോൾ മുഖ്യമന്ത്രി അത് വാങ്ങാതെ മടക്കി അയക്കുകയായിരുന്നുവെന്ന് പറഞ്ഞ ഡോ. യാമിനി തങ്കച്ചി മാധ്യമ ങ്ങൾക്കുമുന്നിൽ പൊട്ടിക്കരഞ്ഞു. നിയമസഭയിൽ മുഖ്യമന്ത്രി വായിച്ച കത്ത് അദ്ദേഹം ആവശ്യപ്പെട്ടപ്രകാരം എഴുതി നൽകിയതാണെന്നും ശ്രീ. പി. സി. ജോർജ് പറഞ്ഞതെല്ലാം ശരിയാണെന്നും അവർ വെളിപ്പെടുത്തിയിരിക്കുക യാണ്. ഇതുസംബന്ധിച്ച് അവർ പറഞ്ഞ കാര്യങ്ങളൊന്നും ഞാൻ ഇവിടെ ഉദ്ധരിക്കാൻ ഉദ്ദേശിക്കുന്നില്ല. അക്കാര്യങ്ങൾ ഇവിടെ ഉദ്ധരിക്കുന്നത് ഗുണമാ ണെന്ന് തോന്നാത്തതുകൊണ്ട് ആ ഭാഗങ്ങളൊക്കെ വിട്ടുകളയാൻ ആഗ്രഹി ക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്കുനേരെയുണ്ടായ മർദ്ദനം സംബന്ധിച്ച് ആ വീട്ടിൽ ഉണ്ടായിരുന്ന ഡോ. യാമിനി തങ്കച്ചി വെളിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവിടെ ശ്രീ. പി. കെ. ഗുരുദാസൻ ഉൾപ്പെടെയുള്ളവർ ചോദിച്ച ചോദ്യത്തിന് മറുപടിയായി 18–03–2013–ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് മന്ത്രിയെ മർദ്ദിച്ചുവെന്ന പത്ര വാർത്ത ശരിയല്ലെന്ന് മനസ്സിലായിട്ടുണ്ടെന്നാണ്. ഇത്തരമൊരു റിപ്പോർട്ട് മുഖ്യമന്ത്രിക്ക് കൊടുത്തതാരാണ്; അങ്ങനെയൊരു ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ചുള്ള രേഖ ഈ മേശപ്പുറത്തു വയ്ക്കണം. ഒരന്വേഷണം നടത്തിയിട്ടാണല്ലോ ഇങ്ങനെയൊരു സംഭവമി ല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്നത്. അതിനുവിരുദ്ധമായ റിപ്പോർട്ടുകളാണ് ആ വീട്ടിൽ അന്ന് താമസിച്ചിരുന്ന മന്ത്രിപത്നിതന്നെ നൽകിയിരിക്കുന്ന വിശദീകരണത്തിൽ നിന്ന് വ്യക്തമായിരിക്കുന്നത്. നിയമ

സഭയിൽ പ്രതിപക്ഷം പ്രശ്നമുന്നയിക്കുമെന്നുപറഞ്ഞ് മുഖ്യമന്ത്രി വിളിച്ചിരുന്നുവെന്നും അദ്ദേഹം ആവശ്യപ്പെട്ടപ്രകാരമാണ് പരാതി നൽകിയിട്ടില്ലെന്ന് താൻ എഴുതിക്കൊടുത്തതെന്നും അവർ പറഞ്ഞിട്ടുണ്ട്. ഇതാണ് ഇവിടെ ഉണ്ടായിട്ടുള്ള പ്രശ്നം. എന്നാൽ ഡോ. യാമിനി തങ്കച്ചി ഉന്നയിച്ച ആരോപണങ്ങൾ ബാഹ്യപ്രേരണമൂലമാണെന്നാണ് ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പറഞ്ഞത്. ശ്രീ. കെ. ബി. ഗണേഷ് കുമാറിനെതിരെ ഡോ. യാമിനി തങ്കച്ചി പരാതി നൽകിയിട്ടില്ലെന്ന് നിമയസഭയിൽ പറഞ്ഞതിനോട് ഉറച്ചുനിൽക്കുന്നുവെന്നും ഡോ. യാമിനി തങ്കച്ചി സ്വമേധയാ കള്ളം പറയുമെന്ന് കരുതുന്നില്ലെന്നും ആരുടെയെങ്കിലും പ്രേരണകൊണ്ട് പറയുന്നതാവണമെന്നുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത്. ആരുടെയെങ്കിലും ബാഹ്യപ്രേരണകൊണ്ടാണ് ഡോ. യാമിനി തങ്കച്ചി ഇന്നലെ പത്രസമ്മേളനം നടത്തിയതെന്ന് എവിടെനിന്നാണ് മുഖ്യമന്ത്രിക്ക് റിപ്പോർട്ട് ലഭിച്ചതെന്നും ആരാണ് ബാഹ്യപ്രേരണ നടത്തിയതെന്നും മുഖ്യമന്ത്രി ഇവിടെ വ്യക്തമാക്കണം. ബാഹ്യപ്രേരണവഴിയാണ് ഡോ. യാമിനി തങ്കച്ചി ഇത്തരമൊരു പത്രസമ്മേളനം നടത്തിയതെന്നത് മുഖ്യമന്ത്രിയുടെ സ്റ്റേറ്റ്മെന്റാണ്. ആ ബാഹ്യപ്രേരണ ആര് നടത്തിയെന്നതുസംബന്ധിച്ച് മുഖ്യമന്ത്രിക്ക് വിവരം ലഭിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹം ഇവിടെ പറയണം. ഡോ. യാമിനി തങ്കച്ചിയും ശ്രീ. പി.സി. ജോർജുമായി ടെലിഫോണിലൂടെ എത്ര സമയം സംസാരിച്ചിട്ടുണ്ടെന്ന് ടെലിഫോൺ രേഖകൾ പരിശോധിച്ചാൽ വ്യക്തമാകുമെന്ന് ഇന്നലെ ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞു. അപ്പോൾ ആരാണ് ബാഹ്യശക്തി? ശ്രീ. പി. സി. ജോർജാണോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആരെയാണ് ബാഹ്യശക്തിയെന്ന് ഉദ്ദേശിക്കുന്നത്? ഏതായാലും ഞങ്ങളല്ല. ഞങ്ങൾ ഇതിൽ കക്ഷിയല്ല. അപ്പോൾ ബാഹ്യശക്തിയുടെ പ്രേരണകൊണ്ടാണ് ഇങ്ങനെ

പറഞ്ഞതെന്നുപറയുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഈ ബാഹ്യശക്തി ആരാണെന്ന് നിയമസഭ മുമ്പാകെ വെളിപ്പെടുത്താനുള്ള ബാദ്ധ്യതയുണ്ട്. പരാതിയുമായി 6-ാം തീയതിയാണ് വന്നതെന്നും ആ സമയത്ത് പരാതി കയ്യിലുണ്ടായിരുന്നില്ലെന്നും പക്ഷേ അദ്ദേഹത്തോട് കാര്യങ്ങൾ വിശദീകരിച്ചുവെന്നുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിച്ചത്. നമ്മുടെ നാട്ടിൽ ഒരു നിയമമുണ്ട്. The Protection of Women from Domestic Violence Act-2005-ൽ Information to Protection Officer and exclution of liability of informant:- 4(1), Any person who has reason to believe that an act of domestic violence has been, or is being, or is likely to be committed, may give information about it to the concerned Protection Officer. ഇങ്ങനെയാരു സംഭവം നടക്കാനിടയുണ്ട് അല്ലെങ്കിൽ നടന്നിട്ടുണ്ടെന്ന വിവരം ഒരു ഫസ്റ്റ് ഇൻഫോർമർക്ക് കിട്ടിയാൽ അദ്ദേഹം അത് പ്രൊട്ടക്ഷൻ ഓഫീസറെ അറിയിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ കാര്യം നിർവ്വഹിച്ചില്ല. പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിക്കുന്നത് ഗവൺമെന്റാണ്. ഇക്കാര്യം പ്രൊട്ടക്ഷൻ ഓഫിസറെ അറിയിക്കാൻ ഭരണഘടനാ ബാദ്ധ്യതയുള്ള മുഖ്യമന്ത്രി എന്തുകൊണ്ട് അത് നിർവ്വഹിച്ചില്ല? ഇക്കാര്യം 6-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുകയും ഒരു പൊതുപ്രവർത്തകനായതുകൊണ്ട് അദ്ദേഹം ആ പ്രശ്നം തീർക്കാൻ ശ്രമിച്ചുവെന്നുമാണ് പറഞ്ഞത്. ഞങ്ങൾ അത് നിഷേധിക്കുന്നില്ല. നീതി ചെയ്താൽ മാത്രം പോര, ചെയ്തത് നീതിയാണ് എന്ന് ജനങ്ങൾക്ക് തോന്നണമെന്ന് എപ്പോഴും പറയാറുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ

നടത്തിയ ഇടപെടലിലൂടെ നീതിചെയ്തുവെന്നുള്ള ബോദ്ധ്യം ജനങ്ങൾക്കുണ്ടോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നത്തിൽ ഇടപെടാമെന്നുപറഞ്ഞ് തന്നെ വഞ്ചിച്ചുവെന്നാണ് ഇരയായ സ്ത്രീ പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇടപെടലോടുകൂടി ഇക്കാര്യത്തിൽ എന്തുണ്ടായി? ഈ പ്രശ്നപരിഹാരത്തിനുള്ള മധ്യസ്ഥതയ്ക്കായി തൊഴിൽ വകുപ്പു മന്ത്രിയായ ശ്രീ. ഷിബു ബേബി ജോണിനെ ചുമതലപ്പെടുത്തി. തൊഴിൽ വകുപ്പുമന്ത്രി ഇടപെടാൻ ഇതൊരു തൊഴിൽ പ്രശ്നമാണോ; ഇതൊരു കുടുംബപ്രശ്നമാണെങ്കിൽ ഒരു മന്ത്രി ഇതിൽ ഇടപെടുന്നതെന്തിനാണ്? ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയെ ഇതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചുമതലപ്പെടുത്തി. മന്ത്രി എന്തൊക്കെ വാഗ്ദാനം കൊടുത്തു. ഡോ. യാമിനി തങ്കച്ചിക്ക് 50 കോടി രൂപ കൊടുക്കാമെന്ന് മന്ത്രി പറഞ്ഞുവെന്നും അതിന്റെ അടിസ്ഥാനത്തിലാണ് അവർ മുഖ്യമന്ത്രിക്ക് ഇങ്ങനെ എഴുതിക്കൊടുത്തതെന്നുമുള്ള വാർത്തകളാണ് പുറത്തു വന്നിരിക്കുന്നത്. അതൊക്കെ ശരിയാണോയെന്ന് അറിയില്ല. എല്ലാം സുതാര്യമാകട്ടേയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുകൊണ്ട് ഞാൻ ചോദിക്കുകയാണ്, ആരാണ് അങ്ങനെ വാക്കുകൊടുത്തത്; അവർക്ക് ഇങ്ങനെയൊരു പരാതി പറയാനുള്ള സാഹചര്യമുണ്ടായതെങ്ങനെ? ഈ പരാതി നിയമാനുസരണം കൈകാര്യം ചെയ്യണമെന്ന് അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരോട് പറഞ്ഞിരുന്നുവെങ്കിൽ ഡോ. യാമിനി തങ്കച്ചിക്ക് ഈ പരാതി കുടുംബകോടതിയിൽ കൊടുക്കാമായിരുന്നു. അങ്ങനെ കൊടുക്കാത്തതുകൊണ്ട് ഇപ്പോൾ സംഭവിച്ചത് ആദ്യത്തെ പരാതിക്കാരൻ ബഹുമാനപ്പെട്ട മന്ത്രിയായി. കുടുംബകോടതിയുടെ മുമ്പിൽ ആദ്യം പരാതികൊടുത്തത് മന്ത്രിയാണ്. സ്ത്രീക്ക് അതിനുള്ള അവസരം നിഷേധിച്ചു. ആദ്യം പരാതി

കൊടുക്കാൻ കിട്ടിയ അവസരം ഒരു സ്ത്രീക്ക് നിഷേധിക്കാനിടയായത് മുഖ്യമന്ത്രിയുടെ നടപടിയുടെ ഫലമാണ്. ഇത് സ്ത്രീകളുടെ സംരക്ഷണത്തെ ചോദ്യം ചെയ്യുന്നൊരു പ്രശ്നമാണ്. ഒരു മന്ത്രിയുടെ ഭാര്യക്ക് ഇവിടെ സുരക്ഷിതത്വവും നീതിയും ലഭിക്കുന്നില്ലെങ്കിൽ സാധാരണ സ്ത്രീകൾക്ക് എവിടെയാണ് നീതി ലഭിക്കുക. ഇന്നലെ ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാർ കുടുംബകോടതി മുമ്പാകെ അദ്ദേഹത്തിനുണ്ടായ അനുഭവങ്ങൾ വിവരിച്ചിട്ടുണ്ട്, ഫോട്ടോ സഹിതം ഹാജരാക്കിയതായി അറിയുന്നു. അതൊന്നും ഇവിടെ ഞാൻ ക്വോട്ട് ചെയ്യുന്നില്ല. അത് ഈ സഭയുടെ അന്തസ്സിന് ചേരാത്തൊരു കാര്യമാണെന്ന് തോന്നുന്നതുകൊണ്ട് ആ ഭാഗങ്ങളൊക്കെ വിട്ടുകളയുകയാണ്. യഥാർത്ഥത്തിൽ സ്ത്രീയുടെ പരാതി ആദ്യംതന്നെ ഗവൺമെന്റ് നിയമാനുസരണം കൈകാര്യം ചെയ്തിരുന്നുവെങ്കിൽ.............., ഇതൊരു കൗണ്ടർ കേസ് എന്ന നിലയിൽ മാറ്റാനുള്ള അവസരമുണ്ടാക്കിയത് ആരാണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി സത്യ പ്രതിജ്ഞാ ലംഘനമാണ് ഇവിടെ നടത്തിയിരിക്കുന്നത്. ഭീതിയോ പ്രീതിയോ കൂടാതെ ഭരണം നടത്താൻ ചുമതലയേറ്റിട്ടുള്ള മുഖ്യമന്ത്രി തന്റെ സഹ പ്രവർത്തകനെ രക്ഷിച്ചു. തന്റെ സഹപ്രവർത്തകനെ രക്ഷിക്കുന്നതിനു വേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് ഈ പരാതി നിയമാനു സരണം കൈകാര്യം ചെയ്യാൻ നിർദ്ദേശിക്കാതിരുന്നത്. സഹപ്രവർത്തകനായ മന്ത്രിയെ രക്ഷിച്ചുകൊണ്ട് മന്ത്രിസഭയെ നിലനിർത്തുന്നതിനുവേണ്ടി മുഖ്യമന്ത്രി നിയമത്തെ കാറ്റിൽപ്പറത്തുന്ന സ്ഥിതിവിശേഷമുണ്ടായി. ഇങ്ങനെ യൊരു പരാതി കിട്ടിയാൽ കൈകാര്യം ചെയ്യുന്നതിന് ഐ.പി.സി.യിൽ വ്യവസ്ഥയില്ലേ; ഐ.പി.സി. സെക്ഷൻ 176 – “Omission to give notice or

information to Public Servant by person legally bound to give it.......” നിയമാനുസൃതം നടപടിയെടുക്കാനുള്ള ബാദ്ധ്യത ഒരു പബ്ലിക് സർവ്വന്റിനുണ്ട്. മുഖ്യമന്ത്രി ഒരു പബ്ലിക് സർവ്വന്റാണ്. ആ ബാദ്ധ്യത ലംഘിക്കുന്നതിന്റെ ഫലമായി മുഖ്യമന്ത്രി സത്യപ്രതിജ്ഞാ ലംഘനമാണ് നടത്തിയിട്ടുള്ളത്. ഒരു മുഖ്യമന്ത്രി ഇങ്ങനെ ചെയ്താൽപ്പിന്നെ പോലീസ് സ്റ്റേഷനിൽ പോയാൽ പരാതി വാങ്ങുമോ? മുഖ്യമന്ത്രി തന്നെ ഈ പരാതി സ്വീകരിക്കുന്നില്ല. പിന്നെ പോലീസ് സ്റ്റേഷനിൽ എസ്.ഐ.യുടെ അടുത്ത് പോയാൽ വാങ്ങുമോ? ഇന്നലെ ശ്രീമതി യാമിനി തങ്കച്ചി പരാതിയുമായി മുഖ്യമന്ത്രിയുടെ അടുത്ത് മാത്രമല്ല പോയത്. മുഖ്യമന്ത്രിയിലുള്ള അവരുടെ വിശ്വാസം നഷ്ടപ്പെട്ടു. ഒരു മന്ത്രിയുടെ ഭാര്യക്ക് മുഖ്യമന്ത്രിയിലുള്ള വിശ്വാസം നഷ്ടപ്പെട്ടാൽ ഇവിടെയുള്ള സാധാരണക്കാരന് എങ്ങനെയാണ് ഈ ഗവൺമെന്റിൽ വിശ്വാസമുണ്ടാകുക, മുഖ്യമന്ത്രിയിൽ വിശ്വാസമുണ്ടാകുക? അവർ നേരെ പോലീസ് സ്റ്റേഷനിലേക്ക് പോയി. പോലീസ് സ്റ്റേഷനിൽ പോയതിന്റെ അടിസ്ഥാനത്തിൽ പോലീസിന് കേസ് എടുക്കാതിരിക്കാൻ പറ്റുമോ; ഐ.പി.സി. 498 എ അനുസരിച്ച് കേസെടുക്കേണ്ടത് പോലീസിന്റെ ഉത്തരവാദിത്വമല്ലേ; അങ്ങനെ കേസെടുത്താൽ 3 കൊല്ലം ശിക്ഷിക്കപ്പെടേണ്ടതല്ലേ; ജാമ്യം കിട്ടുമോ? ഐ.പി.സി. 498 എ ജാമ്യം ഇല്ലാത്ത വകുപ്പാണ്. ഇന്നലെത്തന്നെ കേസെടുത്തുവെന്നാണ് കിട്ടിയ റിപ്പോർട്ട്. സ്വാഭാവികമായും അങ്ങനെ കേസെടുത്താൽ കൊഗ്നൈസബിൾ ഒഫൻസാണ്, അറസ്റ്റ് ചെയ്യപ്പെടേണ്ട കുറ്റമാണ്. അതുകൊണ്ടല്ലേ മന്ത്രി രാജിവച്ചത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെതന്നെ ഇതിൽ ഒരു നിലപാടെടുത്തിരുന്നെങ്കിൽ ഈ നാറ്റക്കേസ് ഉണ്ടാകുമായിരുന്നോ; ഇത്

കേരള രാഷ്ട്രീയ രംഗത്തെ ത്തന്നെ മലീമസമാക്കിയില്ലേ; ഒരു നാറുന്ന അവസ്ഥ കേരളത്തിൽ വന്നില്ലേ; ഇതിനിടയാക്കേണ്ട കാര്യമുണ്ടായിരുന്നോ; എന്തുകൊണ്ടാണ് മുഖ്യമന്ത്രി അവിഹിതമായി, നിയമവിരുദ്ധമായി ഇത്തരം കാര്യം ചെയ്യാനിടയായത്? ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ മന്ത്രി സഭയെ നയിച്ച കാലത്ത് ആരോപണമുണ്ടായ മന്ത്രിയിൽനിന്ന് രാജി വാങ്ങി യില്ലേ; മുമ്പ് ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ആരോപണ മുണ്ടായ മന്ത്രിയിൽ നിന്ന് രാജി വാങ്ങിയില്ലേ; ആർ. ശങ്കർ മുഖ്യമന്ത്രിയായി രുന്ന കാലത്ത് ആരോപണവിധേയനായ മന്ത്രിയിൽ നിന്ന് രാജി വാങ്ങിയി ല്ലേ; അതിൽ നിന്നൊക്കെ വ്യത്യസ്തമായി മുഖ്യമന്ത്രി ചെയ്യാനുള്ള കാരണ മെന്താണ്? ഇതുസംബന്ധിച്ച് ഗണേഷ് കുമാറിന്റെ കുടുംബത്തിലുള്ള ആരുടെയെങ്കിലും ഒരു സാക്ഷ്യപത്രമുണ്ടോ? മുഖ്യമന്ത്രി അമിതമായ താൽപ്പര്യമെടുത്തത് മന്ത്രിസഭയെ രക്ഷിക്കാനാണ്. വഴിവിട്ട് മന്ത്രിസഭയെ രക്ഷിക്കാൻ എന്തും ചെയ്യുന്ന ഒരു മുഖ്യമന്ത്രിയാണ് ശ്രീ. ഉമ്മൻ ചാണ്ടി. അതുകൊണ്ടാണ് ശ്രീ. പി.സി. ജോർജിനെതിരെ നടപടിയെടുക്കാത്തത്. ഇപ്പോൾ ശ്രീ. പി.സി. ജോർജ് പറഞ്ഞത് ശരിയാണെന്ന് വന്നുവെന്നല്ലേ പത്രം പറയുന്നത്; ശ്രീ. പി.സി. ജോർജ് അന്ന് ആരോപണമുന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ഈ പ്രശ്നമുണ്ടാകു മായിരുന്നോ? യു.ഡി.എഫ്.നകത്തെ പ്രശ്നങ്ങൾ മറ നീക്കി പുറത്തുവരിക യാണ്. നിയമവാഴ്ചയില്ലാത്ത ഒരു സ്റ്റേറ്റായി കേരളം മാറുന്നുവെന്നുള്ളതാണ് ഇവിടെ ഉണ്ടായിരിക്കുന്ന പ്രശ്നം. അതീവ ഗുരുതരമായിട്ടുള്ള ഈ പ്രശ്നത്തിൽ മുഖ്യമന്ത്രി തെറ്റുകാരനാണ്. മുഖ്യമന്ത്രി ചെന്നുപെട്ടിട്ടുള്ള ഊരാക്കുടുക്കിൽ നിന്നും രക്ഷപ്പെടാൻ വേണ്ടിയാണ് ഇന്നലെ ശ്രീ. കെ. ബി. ഗണേഷ് കുമാർ രാജി കൊടുത്തത്. അല്ലെങ്കിൽ ഗണേഷ് കുമാർ ഇന്ന

ലെയും രാജി കൊടുക്കില്ലായിരുന്നു. മുഖ്യമന്ത്രിക്ക് രക്ഷപ്പെടണം. അതിനു വേണ്ടി അവസാനം മന്ത്രിയെ കുരുതികൊടുത്തു. മന്ത്രിയോട് രാജി വയ്ക്കാൻ മുഖ്യമന്ത്രി പറഞ്ഞിട്ടില്ലെന്ന് പറഞ്ഞു. പറയേണ്ട കാര്യമില്ല. ഇന്നലെ എടുത്ത കേസ്സിന്റെ അടിസ്ഥാനത്തിൽ പോലീസ് അറസ്റ്റ് ചെയ്യേണ്ടതല്ലേ; നിയമവാഴ്ചയുള്ള സ്റ്റേറ്റല്ലേ; അങ്ങനെ അറസ്റ്റ് ചെയ്താൽ മന്ത്രിയായി തുടരാൻ സാധിക്കുമോ? അതുകൊണ്ട് ഈ സാഹചര്യത്തിൽ ശ്രീ. കെ. ബി. ഗണേഷ് കുമാറിനെ രാജിവയ്പ്പിച്ചുകൊണ്ട് ഈ പ്രശ്നം പരിഹരിച്ചുവെന്നുപറഞ്ഞ് എല്ലാം ക്ലീനായി എന്ന് മുഖ്യമന്ത്രി നടിക്കുന്നത് ശരിയല്ല. ഭരണഘടനാപരമായി സത്യപ്രതിജ്ഞ ചെയ്തിട്ടുള്ള ഒരു മുഖ്യമന്ത്രി സത്യപ്രതിജ്ഞാലംഘനം നടത്തി, നിയമസഭയെ തെറ്റിദ്ധരിപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ, ഒരു നിമിഷംപോലും മുഖ്യമന്ത്രിക്ക് ആ കസേര യിൽ തുടരാനുള്ള അർഹത നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ ഗവൺമെന്റു തന്നെ രാജിവച്ച് പോകുകയാണ് വേണ്ടത്. ഇങ്ങനെ ഒരു ഗവൺമെന്റ് ഈ കേരളം ഭരിച്ചിട്ടില്ലെന്നാണ് വരേണ്ടത്. നിയമവാഴ്ചയില്ലാത്തൊരു സ്റ്റേറ്റായി ട്ടാണ് ഈ കേരളം മാറിയിരിക്കുന്നത്. മന്ത്രിസഭ തന്നെ രാജി വയ്ക്കേണ്ടതാണ്. കേരളത്തിൽ നാറ്റക്കേസുണ്ടാക്കിയതിന് ഉത്തരവാദിയാ യിട്ടുള്ള മുഖ്യമന്ത്രി ആ കസേരയിൽ നിന്ന് രാജിവച്ച് പോകണം, ഇവിടെ നിയമവാഴ്ചയുണ്ടെന്ന് ഉറപ്പുവരുത്തണം. ഈ പ്രശ്നങ്ങൾ ഈ സഭ ചർച്ച ചെയ്യണം. നമ്മുടെ സംസ്ഥാനത്ത് ഈ ഗവൺമെന്റ് വന്നതിനുശേഷം ആദ്യമായിട്ടാണ് ഒരു മന്ത്രി രാജിവയ്ക്കുന്നത്. സാധാരണയായി ഒരു മന്ത്രി രാജിവച്ചാൽ സഭയിൽ ചട്ടപ്രകാരമുള്ള സ്റ്റേറ്റ്മെന്റ് നൽകണം. ഇവിടെ മന്ത്രി യെത്തന്നെ കാണുന്നില്ല. രാജിവച്ച ആളെ കാണുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കോടിയേരി അതിനുള്ള സമയം വരുന്നതേയുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മന്ത്രി രാജിവച്ചാൽ ഇവിടെ വന്ന് ഒരു സ്റ്റേറ്റ്മെന്റ് നടത്തേണ്ടേ; അങ്ങനെ ചെയ്യാൻ സാധിക്കാത്ത ഒരു പ്രശ്ന മായതുകൊണ്ടല്ലേ ഇവിടെ മന്ത്രി വരാത്തത്; അതുകൊണ്ടല്ലേ ചട്ട പ്രകാരമുള്ള നടപടി സ്വീകരിക്കാത്തത്? അതുകൊണ്ട് ഗൗരവതരമായ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യ പ്പെടുകയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ): സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃ ഷ്ണൻ ഈ വിഷയം ഉന്നയിച്ചപ്പോൾ തൊഴിൽ വകുപ്പുമന്ത്രിയുടെ അധികാ രപരിധിയിൽ വരുന്നതാണോ എന്നൊരു പരാമർശമുണ്ടായി. തൊഴിൽ വകു പ്പുമന്ത്രി എന്നതിലുപരി ഞാനൊരു മനുഷ്യനാണ്. ഒരു സഹപ്രവർത്തകന്റെ കുടുംബത്തിൽ ഒരു പ്രശ്നമുണ്ടായാൽ അതിൽ ഇടപെടാൻ ബാദ്ധ്യസ്ഥനാ ണെന്ന് വിശ്വസിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ഈ വിഷയവുമായി ബന്ധപ്പെട്ട വ്യക്തിയാണ് ഞാൻ. ഞാൻ എന്റെ വിശദാംശങ്ങളിലേക്ക് കട ക്കുന്നു.

മി. സ്പീക്കർ: വിശദാംശങ്ങളിലേക്കൊന്നും കടക്കേണ്ട. അത് മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞു. ബാക്കി മുഖ്യമന്ത്രി പറയും.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): വിശദാംശങ്ങളിലേ്ക്കൊന്നും കടക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയെ പ്രതിക്കൂട്ടിൽ നിർത്തുന്ന ഒരു പശ്ചാത്തലം വന്നപ്പോൾ മുഖ്യമന്ത്രി ഇതിൽ വഹിച്ചിട്ടുള്ള പങ്ക് എന്താണെന്നുള്ളത് ഈ സഭ അറിയേണ്ടത് ആവശ്യമാണ്. .......(ബഹളം).............

ശ്രീ. സി. ദിവാകരൻ: മുഖ്യമന്ത്രിയുടെ മറുപടിയാണ് ഞങ്ങൾക്ക് വേണ്ടത്.

ശ്രീ. ഷിബു ബേബിജോൺ: എന്റെ പേര് ഇതിൽ വലിച്ചിഴച്ചപ്പോൾ ഞാൻ അത് പറയാൻ ബാധ്യസ്ഥനാണ്. ........(ബഹളം)....... സഖാവ് കോടിയേരി ബാലകൃഷ്ണൻ പ്രസംഗത്തിന്റെ ഭാഗമായി പറഞ്ഞു, അതിനു മുമ്പ് സഖാവ് ശ്രീ. സി. ദിവാകരൻ അവിടെ ഇരുന്നുകൊണ്ട് പറഞ്ഞു, ഇതിൽ മന്ത്രിമാർ പങ്കെടുത്തിട്ടുണ്ടോ എന്ന്. ......(ബഹളം).......ഞാൻ പറയട്ടെ, മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതല്ല, ഒരു സഹപ്രവർത്തകന്റെ കുടുംബപ്രശ്നത്തിൽ സ്വമേധയാ ഞാൻ ഇടപെട്ടതാണ്. മുഖ്യമന്ത്രിയെ കണ്ട് പരാതികൊടുത്തുവെന്നാണ് പറയുന്നത്. അതിനുശേഷം ചർച്ച ചെയ്തു. നിരവധി ചർച്ചകൾ എന്റെ സാന്നിദ്ധ്യത്തിലും നടന്നു. അവസാനം ചില തർക്കങ്ങൾ അവശേഷിച്ചു. മുഖ്യമന്ത്രിക്ക് പരാതി കൊടുക്കാൻ പോയ ശ്രീമതി യാമിനി തങ്കച്ചി തന്നെ മുഖ്യമന്ത്രിയുടെ വീട്ടിൽ വന്നിരുന്ന് .....(ബഹളം)........

ശ്രീ. സി. ദിവാകരൻ: സർ, ഇതെന്താണ്? പേരു പരാമർശിച്ച എല്ലാവരും മറുപടി പറയാൻ തുടങ്ങിയാൽ എന്തുചെയ്യും; ഇതനുവദിക്കാൻ പാടില്ല..

മി. സ്പീക്കർ: നോ..........നോ.............അദ്ദേഹം മന്ത്രിസഭയിൽ അംഗമാണ്. അദ്ദേഹത്തോട് ............

ശ്രീ. ഷിബു ബേബിജോൺ: ഇത് ശരിയല്ല. ദയവുചെയ്ത് ഒരു സീനിയർ നേതാവ് ഇങ്ങനെ അസഹിഷ്ണുത കാണിക്കരുത്. ഇത് നിങ്ങൾക്കൊരു രാഷ്ട്രീയ വിഷയമാണെന്ന് എനിക്കറിയാം. അത് മനസ്സിലാക്കാനുള്ള ബുദ്ധിയെനിക്കുണ്ട്. പക്ഷേ ഇതിൽ.....(ബഹളം)............

ശ്രീ. സി. ദിവാകരൻ: ഈ പ്രശ്നമുണ്ടാക്കിയത് നിങ്ങളാണ്, ഞങ്ങളല്ല.

ശ്രീ. ഷിബു ബേബിജോൺ: അതല്ലേ പറയാൻ അനുവദിക്കണമെന്നു പറഞ്ഞത്. തർക്കം അവശേഷിച്ചപ്പോൾ മുഖ്യമന്ത്രി പരാതി സ്വീകരിച്ചില്ലെന്ന് പറഞ്ഞ ആ വസതിയിൽ യാമിനി തങ്കച്ചി 4 മണിക്കൂർ ഇരുന്ന് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ട പ്രകാരം മുഖ്യമന്ത്രി ഇടപെട്ട് ഉണ്ടാക്കിയ ഡ്രാഫ്റ്റ് എഗ്രിമെന്റാണ് ഇത്. ഇതിൽ കൂടുതൽ ഒരു മുഖ്യമന്ത്രിക്ക് എന്താണ് ചെയ്യാൻ സാധിക്കുന്നത്? ആ ഡ്രാഫ്റ്റ് എഗ്രിമെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. ഇതിനെ തുടർന്ന് പിറ്റേ ദിവസം എന്റെ വസതിയിലിരുന്ന് അന്തിമമായി ഇരുപാർട്ടികളും ഒപ്പുവച്ച കരാറാണ് ഇത്. ഒരു മുഖ്യമന്ത്രിയെ സംബന്ധിച്ചിടത്തോളം ഇതിൽ കൂടുതൽ നീതിയും ന്യായവും ചെയ്തു കൊടുക്കാൻ എങ്ങനെയാണ് സാധിക്കുന്നത്? അതിന്റെ നടത്തിപ്പിലേക്ക് വന്നപ്പോൾ ഉണ്ടായ തെറ്റ്, പ്രായോഗികതലത്തിലേക്ക് വന്നപ്പോൾ ഉണ്ടായ അഭിപ്രായ വ്യത്യാസം, അതിന് നിയമപരമായ വശങ്ങളുണ്ട്. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഒരു സഹോദരി മുഖ്യമന്ത്രിയുടെ പക്കൽ പരാതിയുമായി വന്നപ്പോൾ 100 ശതമാനം നീതിപുലർത്തിക്കൊണ്ട് വച്ച ആ കരാറുകളുടെ പകർപ്പ് ഞാൻ ഈ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.......(ബഹളം)................

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കട്ടെ... .....(ബഹളം)............... നോ....നോ....പ്ലീസ്.....പ്ലീസ്.....ഒരു മിനിറ്റ്. ഞാനൊന്ന് പറയട്ടെ, മുൻനിരയിലെ നേതാക്കന്മാർ സംസാരിക്കുന്നുണ്ട്. സഭാനടത്തിപ്പിന് ഒരു സിസ്റ്റമുണ്ട്. ...........(ബഹളം)..............

(ശ്രീ. കെ. ബി. ഗണേഷ് കുമാർ നിയമസഭയിലെത്തുകയും തന്റെ ഇരിപ്പിടത്തിൽ ഉപവിഷ്ടനാവുകയും ചെയ്തതിനെതിരെ പ്രതിപക്ഷാംഗങ്ങൾ പ്രതിഷേധസ്വരമുയർത്തി)

ശ്രീ. സി. ദിവാകരൻ: ശ്രീ. കെ. ബി. ഗണേഷ് കുമാർ മന്ത്രിസ്ഥാനം രാജി വച്ചിട്ടുണ്ടോ; വ്യക്തമാക്കണം. ...........(ബഹളം)..............

മി. സ്പീക്കർ: അത് മുഖ്യമന്ത്രി പറഞ്ഞല്ലോ. ...........(ബഹളം)..............

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഈ കാര്യം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ അങ്ങുതന്നെ വ്യത്യസ്തങ്ങളായ വാദങ്ങളാണ് പറഞ്ഞത്. ശ്രീ. കെ. ബി. ഗണേഷ് കുമാർ രാജിവച്ചത് പോലീസ് നോൺ ബെയ്‌ലബിൾ സെക്ഷനിട്ട് കേസ്സെടുത്തതുകൊണ്ടാണെന്ന് അദ്ദേഹം പറഞ്ഞു. പക്ഷേ അദ്ദേഹം അവസാനം പറഞ്ഞത് മുഖ്യമന്ത്രിക്ക് .............(ബഹളം).......... എന്താണ് ശ്രീ. വി. എസ്. സുനിൽ കുമാർ.......... ഞാൻ പറഞ്ഞതല്ലേ .............(ബഹളം).......... ശ്രീ. വി. എസ്. സുനിൽ കുമാർ, മന:പൂർവ്വം പ്രശ്നമുണ്ടാക്കണമെങ്കിൽ ഉണ്ടാക്കാം. ഞാൻ വ്യക്തമായി പറഞ്ഞു .............(ബഹളം)..........

മി. സ്പീക്കർ: സി. എം., ഞാൻ പറയാം. .............(ബഹളം).......... പ്ലീസ്...... ഞാൻ പറയാം. ഒന്നുപറയട്ടെ. മുഖ്യമന്ത്രിയുടെ കയ്യിൽ രാജി കൊടുത്ത കാര്യം മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. മുഖ്യമന്ത്രി അത് ഗവർണ്ണർക്ക് അയച്ചുകൊടുക്കുവാൻ പോകുകയാണ്. നിയമസഭയെ സംബന്ധിച്ചിടത്തോളം .............(ബഹളം).......... ഗവർണ്ണറിൽനിന്നുള്ള ഔദ്യോഗികമായ അറിയിപ്പ് ഇവിടെ കിട്ടാത്തിടത്തോളം അദ്ദേഹത്തിന്........... ഇല്ല, കിട്ടിയിട്ടില്ല. ............. (ബഹളം).......... ഞാൻ നിയമസഭയുടെ കാര്യമാണ് പറഞ്ഞത്. പ്ലീസ്....... പ്ലീസ് .............(ബഹളം)..........

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ ഈ സഭയെ വിശ്വാസത്തിലെടുത്തുകൊണ്ട് എല്ലാ കാര്യങ്ങളും പറഞ്ഞു. അദ്ദേഹത്തിന്റെ രാജിക്കത്ത് കിട്ടി. ഗവർണ്ണറുമായി ബന്ധപ്പെടാൻ ശ്രമിച്ചപ്പോൾ അദ്ദേഹം സ്ഥലത്തില്ല. അദ്ദേഹ

ത്തിന് ഫാക്സ് ചെയ്യാൻ ശ്രമിക്കുന്ന സമയത്ത് അദ്ദേഹം പാട്നയിൽനിന്ന് ഡൽഹയിലേയ്ക്ക് വരികയാണ്. ഡൽഹിയിൽ വരുമ്പോൾ മാത്രമേ എനിക്ക് ആ രാജിക്കത്ത് അദ്ദേഹത്തിന് എത്തിച്ചുക്കൊടുക്കുവാൻ സാധിക്കുകയുള്ളൂ. അദ്ദേഹം ഒപ്പിട്ട് ..............(ബഹളം).......... എനിക്ക് സ്വീകരിക്കുവാൻ അധികാരമില്ല. ..............(ബഹളം)..........

മി. സ്പീക്കർ: മുഖ്യമന്ത്രി, അങ്ങ് പറയൂ. അങ്ങ് സംസാരിക്കൂ.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഗവർണ്ണർ അക്സപ്റ്റ് ചെയ്താൽ മാത്രമേ രാജിയാകുകയുള്ളൂ. ..............(ബഹളം)..........

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ............ പ്ലീസ് .............. (ബഹളം).......... ശ്രീ. വി. എസ്. സുനിൽ കുമാറിന് മാത്രമായി പ്രത്യേക നിയമമൊന്നും ഇതിനകത്തില്ല. എന്നെക്കൊണ്ട് വാൺ ചെയ്യിപ്പിക്കരുത്. ഒരു അംഗത്തിന് എല്ലാ അവകാശവും കിട്ടും. നോ........ അതൊന്നും സാധ്യമല്ല. പ്ലീസ്........... ശ്രീ. വി. എസ്. സുനിൽ കുമാറിന് മാത്രമായി .............. (ബഹളം).......... പ്ലീസ്......... പ്ലീസ്......... പ്ലീസ്, സിറ്റ് ഡൗൺ. .............. (ബഹളം).......... എന്താണ്? ..............(ബഹളം).......... ശ്രീ. സി. ദിവാകരൻ, ഒരു പാർട്ടിയുടെ ലീഡറാണ്. .............. (ബഹളം).......... ഒരോ സെക്കന്റിനിടയിലും ശ്രീ. വി. എസ്. സുനിൽ കുമാർ ചാടിയെണീക്കുകയാണ്. ..............(ബഹളം).......... ആ പ്രശ്നത്തിന് ..............(ബഹളം).......... ആ പ്രശ്നത്തിന് മുഖ്യമന്ത്രി മറുപടി പറഞ്ഞു. മറുപടി പറഞ്ഞല്ലോ. ..............(ബഹളം).......... മുഖ്യമന്ത്രി മറുപടി പറഞ്ഞു. ........ (ബഹളം).........

ശ്രീ. സി. ദിവാകരൻ: അത് മനസ്സിലാകുന്നില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, എന്ത് മനസ്സിലാകുന്നില്ല. ഇത് മനസ്സിലാകുന്നില്ലായെങ്കിൽ ഒന്നും മനസ്സിലാകുകയില്ല.

മി. സ്പീക്കർ: എന്റെ സഹോദരീ, എന്താണ് വേണ്ടത്? .............(ബഹളം)..........

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. സി. ദിവാകരൻ,..............(ബഹളം)..........

മി. സ്പീക്കർ: അത് പിന്നെ തീരുമാനിക്കും. അത് അങ്ങനെയാണ്. നോ........ ഞാൻ പറയാം.

മി. സ്പീക്കർ: ചോദ്യം ചെയ്യുകയല്ല. നിങ്ങൾ അറിയാത്ത കാര്യങ്ങളെക്കുറിച്ച് ഒച്ചയെടുക്കരുത്. ഞാൻ സംസാരിക്കാം. മുഖ്യമന്ത്രിയുടെ കയ്യിൽ രാജി കൊടുത്തു. രാജി ഗവർണ്ണർക്ക് അയച്ചുകൊടുത്ത് അവിടെ അക്സപ്റ്റ് ചെയ്താൽ മാത്രമേ രാജിയാകുന്നുള്ളൂ. ..............(ബഹളം).......... ശ്രീ. വി. ശിവൻകുട്ടി, അവിടെ ഇരിക്കൂ. ചെയർ സംസാരിക്കുകയാണ്. പ്ലീസ്, സിറ്റ് ഡൗൺ. ..............(ബഹളം).......... ആര്? ..............(ബഹളം).......... ആര് ആക്ഷേപിച്ചു? എന്താണെന്ന് പറയൂ. എന്താണ്, എനിക്ക് മനസ്സിലായില്ല. ..............(ബഹളം).......... ശ്രീ. വി. ശിവൻകുട്ടിയുടെ വേറെ മനോവികാരം ഇവിടെ പ്രകടിപ്പിക്കരുത്. ഞാൻ ആരെ ആക്ഷേപിച്ചുവെന്നാണ് പറയുന്നത്? ശ്രീ. വി. എസ്. സുനിൽ കുമാറിനെയോ.......... ശ്രീ. വി. എസ്. സുനിൽ കുമാർ ഇടയ്ക്കിടയ്ക്ക് ചാടിയെണീറ്റ് ബഹളമുണ്ടാക്കുന്നുവെന്ന് പറയുന്നത് ഞാൻ വീണ്ടും ആവർത്തിക്കുന്നു. ..............(ബഹളം).......... യേസ്, സഭ നടത്തിക്കൊണ്ട് പോകേണ്ടത് എന്റെ കടമയാണ്. ശ്രീ. വി. എസ്. സുനിൽ കുമാർ, ഒരു പാർട്ടി അംഗമെന്ന നിലയിൽ എല്ലാ സംരക്ഷണവും എല്ലാ ബഹുമാനവും ചെയർ നൽകുന്നുണ്ട്. പക്ഷേ ശ്രീ. വി. എസ്. സുനിൽ കുമാർ ശ്രദ്ധ പിടിക്കുന്നതിനുവേണ്ടി ഏത് നിമിഷവും ചാടിയെണീക്കുന്നത് ശരിയല്ല എന്നുള്ളത് ഞാൻ വീണ്ടും ആവർത്തിക്കുന്നു. പ്ലീസ് .. (ബഹളം) ..........

ശ്രീ. സി. ദിവാകരൻ: സർ, ജനാധിപത്യത്തിൽ ഭരണകക്ഷിക്കല്ല പ്രതിപക്ഷത്തിനാണ് ചെയറിൽനിന്ന് നീതി കിട്ടേണ്ടത്, സംരക്ഷണം കിട്ടേണ്ടത്.

മി. സ്പീക്കർ: കിട്ടുന്നുണ്ട്.

ശ്രീ. സി. ദിവാകരൻ: അത് ഉണ്ടാകുന്നില്ല. ഞങ്ങളെ ശാസിക്കുന്നതു പോലെ അപ്പുറത്തൊന്ന് പറയാമോ?

മി. സ്പീക്കർ: യേസ്......... ഞാനൊരു കാര്യം പറയാം. ............. (ബഹളം)..........

ശ്രീ. സി. ദിവാകരൻ: സർ, ചെയർ പക്ഷപാതപരമായി പെരുമാറുന്നുവെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷേ അങ്ങനെയുണ്ടാകരുത്. നിങ്ങൾ ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ പേര് ആവർത്തിക്കുമ്പോൾത്തന്നെ അപ്പുറത്തുള്ള ഭരണകക്ഷിയിലെ ഒരാളും എന്തെല്ലാം കാണിച്ചാലും ഒന്നും പറയുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ, ഞാൻ പറയട്ടേ. പ്ലീസ്, ............. (ബഹളം).......... I want to say something. Please sit down. ഇത് വളരെ ............. (ബഹളം).......... പ്ലീസ് ............. (ബഹളം).......... അത് ശരി, എനിക്കൊരു കാര്യം പറയാനുണ്ട്. .............(ബഹളം).......... ദയവുചെയ്ത് നിങ്ങൾ സീറ്റിലേയ്ക്ക് പോകൂ. .............(ബഹളം)..........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മന്ത്രി രാജി വച്ചിട്ട് ഇവിടെ സ്റ്റേറ്റ്മെന്റ് നടത്തിയ ചരിത്രമുണ്ട്. ഇത് അങ്ങനെയൊന്നുമല്ല. അദ്ദേഹം രാജി വച്ചു എന്ന് മുഖ്യമന്ത്രി ഇവിടെ നേരത്തെ വെളിപ്പെടുത്തി. അങ്ങനെ വെളിപ്പെടുത്തി കഴിഞ്ഞതിനുശേഷം ബഹുമാനപ്പെട്ട മുൻമന്ത്രി ആ സീറ്റിൽ വന്നിരിക്കുമ്പോൾ, ഐ.പി.സി. 498 എ അനുസരിച്ചുള്ള ഒരു കേസ്സെടുത്താൽ ആ കേസ് നോൺ ബെയ്ലബിളാണ്, നോൺ കോമ്പൗണ്ടബിളാണ്. മദ്ധ്യസ്ഥം

വഹിക്കാൻ പറ്റുന്ന കേസ്സല്ല. അറസ്റ്റ് ചെയ്യപ്പെടേണ്ട ഒരു പ്രതിക്ക് ഈ സഭ യ്ക്കകത്ത് വന്നിരിക്കാൻ സാധിക്കുമോ? അദ്ദേഹം മന്ത്രിയുടെ കാറുപോലും ഉപേക്ഷിച്ചുവെന്നാണ് കേട്ടത്. അങ്ങനെയുള്ളപ്പോൾ പ്രകോപനപരമായ ഈ നിലപാട് എന്തിനാണ് സ്വീകരിക്കുന്നത്. രാജി വച്ച ഒരു മന്ത്രി ഇവിടെ മന്ത്രി യുടെ സീറ്റിൽ വന്നിരുന്നു,. . . . .(ബഹളം). . .. . പ്രകോപനം സൃഷ്ടിച്ചത് ഞങ്ങളാണോ; ഞങ്ങളെ പ്രകോപിപ്പിച്ചിട്ട് ഞങ്ങൾ കുറ്റം ചെയ്തു എന്ന് പറ യുന്നതിൽ എന്ത് യുക്തിയാണുള്ളത്?

<u>മി. സ്പീക്കർ</u>: പ്ലീസ്.. പ്ലീസ്... മന്ത്രി രാജി വച്ചതിനുശേഷം ഔദ്യോഗി കമായി രാജിക്കുള്ള അംഗീകാരം കിട്ടിയിട്ടില്ല. ....(ബഹളം).... It is technical. ....(ബഹളം).... അങ്ങനെയാണെങ്കിൽ നിങ്ങൾ മാത്രം സംസാരിക്കൂ, എനി ക്കും പറയാനില്ലേ, പറയാനുണ്ട്. റൂൾ 64 അനുസരിച്ച് രാജി വച്ചതിനുശേഷം മന്ത്രിക്ക് വേണമെങ്കിൽ ഒരു സ്റ്റേറ്റ്മെന്റ് നടത്താം. ഒരു സ്റ്റേറ്റ്മെന്റിന് അനു വാദം ചോദിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ റിക്വസ്റ്റ് ചെയറിന്റെ മുമ്പിലുണ്ട്. ആ സമയത്ത് ഇതിനു മുമ്പുള്ള പ്രീസിഡന്റ് അനുസരിച്ച് ആ മന്ത്രി വന്നാൽ, അദ്ദേഹത്തിന് വേറെ കസേര ഒരുക്കുന്നതിനുള്ള സംവിധാനമായിട്ടില്ല, വോട്ടിംഗ് ഉണ്ടെങ്കിൽ ശ്രീ. കെ. ബി. ഗണേഷ് കുമാർ എവിടെ ഇരുന്നാണ് വോട്ട് ചെയ്യുന്നത്. ഇതുവരെയുള്ളതിന് അനുസരിച്ചുള്ള സിസ്റ്റമാണുള്ളത്. ശ്രീ. കെ.ബി. ഗണേഷ് കുമാറിന് സ്റ്റേറ്റ്മെന്റ് നടത്തണമെങ്കിൽ അദ്ദേഹത്തിന് ഒരു കസേര കൊടുക്കേണ്ട ഉത്തരവാദിത്വം നിയമസഭയ്ക്കും ചെയറിനുമു ണ്ട്. അത് നിങ്ങൾ അങ്ങനെ എടുക്കണം. രണ്ടാമതായി എനിക്ക് വളരെ അൺപ്ലസന്റായിട്ടുള്ള, വളരെ ദു:ഖകരമായ അനുഭവം ശ്രീ. സി. ദിവാകര നിൽ നിന്നുണ്ടായതിൽ ഞാൻ ഖേദിക്കുന്നു, വിഷമിക്കുന്നു. പക്ഷപാതപര

മായി സ്പീക്കർ ഇടപെടുന്നു എന്ന് പറഞ്ഞത് അങ്ങ് പിൻവലിക്കുകയൊന്നും വേണ്ട. പക്ഷേ, അത് വല്ലാതെ എന്റെയുള്ളിൽ തട്ടിയിട്ടുണ്ട്. . . (ബഹളം). . . .ഇല്ല, ഒരിക്കലുമുണ്ടായിട്ടില്ല... പിന്നെ അങ്ങു പറഞ്ഞു, ഭരണപക്ഷത്തെ ആരുടെയും പേരു പറഞ്ഞില്ല എന്ന്. ഞാൻ പറയുന്നത് ശരിയല്ല, ഇന്നലെപോലും ഭരണകക്ഷിയിലെ വളരെ സീനിയറായിട്ടുള്ള, എന്നോടൊപ്പം പതിനാലു വയസ്സുമുതൽ രാഷ്ട്രീയത്തിലുള്ള ആളുടെ പേരുവരെ മൂന്നുതവണ ഇവിടെ പറഞ്ഞു. അതുകൊണ്ട് അങ്ങനെയൊന്നും പറയരുത്. എന്റെ ജൂനിയറായിട്ടുള്ള ഞങ്ങൾ കൊണ്ടുനടന്ന ആളുടെ പേരും ഞാൻ പറഞ്ഞു. അവരുടെ ഇടപെടൽ ശരിയല്ലാത്തതുകൊണ്ടാണ് പ്രത്യേകമായി പേരുകൾ പറഞ്ഞത്. ഓരോ സമയത്തും എഴുന്നേറ്റുനിന്ന് പറഞ്ഞ് ഒരു അംഗത്തിന് തീരെ സംസാരിക്കാൻ കഴിയാത്ത ഒരു സിറ്റ്യുവേഷൻ നിയമസഭയിലുണ്ടാക്കുമ്പോൾ ആ ആളിന്റെ പേര് വീണ്ടും പറയേണ്ടിവരും, അത് ശരിയല്ലെന്ന് എനിക്ക് പറയേണ്ടിവരും. അതുകൊണ്ടു മാത്രം പറഞ്ഞതാണ്. അല്ലാതെ പ്രത്യേകമായി പറഞ്ഞതല്ല. ഞാൻ നീട്ടിക്കൊണ്ടുപോകുന്നില്ല. എന്നെക്കുറിച്ച് പക്ഷപാതപരമായി പ്രവർത്തിക്കുന്നുവെന്ന് ആക്ഷേപമുള്ളത് നിങ്ങൾക്കല്ല, വേറെ ഭാഗത്തിനാണ്. അത് നിങ്ങളും മനസ്സിലാക്കിയിട്ടില്ല. ഒ.കെ.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞതിൽ നിന്നും വ്യത്യസ്തമായിട്ടുള്ള കാര്യങ്ങൾ അതേ സമയത്തു തന്നെ പറഞ്ഞു. ശ്രീ. കെ.ബി. ഗണേഷ് കുമാറിനെതിരെ കോഗ്നിസിബിളായിട്ടുള്ള ഒരു കേസ് പോലീസ് എടുത്തതിനെ തുടർന്ന് അദ്ദേഹം രാജിവയ്ക്കാൻ നിർബന്ധിതനായി എന്ന് അങ്ങ് പറഞ്ഞു. പക്ഷേ മുഖ്യമന്ത്രിക്ക് രക്ഷപ്പെടാൻ വേണ്ടി ഗണേഷ്കുമാറിനെ ബലിയാടാക്കി എന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം അവസാനിപ്പിച്ചത്.

ശ്രീമതി യാമിനി എന്നെ വന്നുകണ്ട് പരാതി സ്വീകരിക്കാതിരുന്നപ്പോൾ ഇന്നല ത്തെപ്പോലെ എന്താണ് പോലീസ് സ്റ്റേഷനിൽ പോകാതിരുന്നത് എന്ന് ചോദി ച്ചപ്പോൾ അങ്ങ് പറഞ്ഞത് മുഖ്യമന്ത്രി സ്വീകരിക്കാത്ത പരാതി പോലീസ് സ്റ്റേഷനിൽ സ്വീകരിക്കുമോ എന്നാണ്. ഇന്നലെ അവിടെ പോയി പരാതി കൊടുത്തു. പോലീസിന്റെ ചുമതല നിയമം നടപ്പിലാക്കുക എന്നുള്ളതാണ്. ആരു പരാതി കൊടുത്താലും സ്വീകരിക്കും, സ്വീകരിച്ചേ മതിയാകൂ. അങ്ങ യുടെ വാദം ശക്തിപ്പെടുത്താൻ വേണ്ടി ഒരു ഭാഗത്തു പറഞ്ഞ കാര്യങ്ങൾ അങ്ങേയ്ക്കുതന്നെ പ്രസംഗത്തിന്റെ മറ്റൊരു ഭാഗത്ത് തിരുത്തേണ്ടിവന്നു. ഞാൻ ശ്രീമതി യാമിനിയുടെ കത്ത് എഴുതി വാങ്ങിച്ചതാണെന്ന് പറഞ്ഞു. ഒരു പരാതി കയ്യിൽ കൊണ്ടുവന്ന് തന്നിട്ട് ഞാൻ അത് വാങ്ങിച്ചില്ലെങ്കിൽ എങ്ങനെയാണ് അവർ വീണ്ടും പരാതിയുമായി വരുന്നത്? വളരെ പ്രതീക്ഷ യോടുകൂടി ഒരു പരാതിയുമായി വന്നിട്ടും ആ പരാതി വാങ്ങാതെ തിരിച്ചയച്ച ഒരാൾ പറഞ്ഞാൽ അയാൾ പറയുന്നതുപോലെ കത്തെഴുതി കൊടുക്കുമോ? ഞാൻ ചോദിക്കുന്നത് ഇതാണ്. അങ്ങനെ പറഞ്ഞ ഒരാൾ കത്തെഴുതി തരണ മെന്നു പറഞ്ഞാൽ.... ഞാൻ അങ്ങനെ ആവശ്യപ്പെട്ടിട്ടില്ല. പക്ഷേ, അന്ന് ഞാൻ കത്തിന്റെ കാര്യം മാത്രമാണ് പറഞ്ഞത്. ഇപ്പോൾ ടെലിഫോണിൽ വിളിച്ചുപറഞ്ഞ കാര്യം കൂടി പറയുകയാണ്. എനിക്ക് തന്ന പരാതിയുടെ വാചകങ്ങൾ ഒരു വിഷ്വൽ മീഡിയ കാണിച്ചപ്പോൾ ശ്രീമതി യാമിനി ആ സമ യത്ത് എന്നെ ഫോണിൽ വിളിച്ചിട്ട് ഞാൻ തന്ന പരാതിയിലെ വാചകങ്ങൾ വിഷ്വൽ മീഡിയയിൽ കാണിക്കുന്നു, ഞാൻ തരാത്ത ഒരു പരാതിയിലെ വാച കങ്ങൾ എങ്ങനെയാണ് ഇവർ കൊടുത്തിരിക്കുന്നത് എന്നു കൂടി പറഞ്ഞു. കത്ത് എനിക്ക് തന്നിട്ടുണ്ട്. ഞാൻ ഇതുമായി ബന്ധപ്പെട്ട് ഒരു കാര്യവും ഇവിടെ തെറ്റായി പറഞ്ഞിട്ടില്ല. പക്ഷേ, ഇങ്ങനെയൊന്ന് ഞാൻ ചെയ്തു, വന്ന

അന്നേരംതന്നെ ഒരു പരാതി പോലുമില്ലാത്തവരിൽ നിന്ന് പരാതി എഴുതി തരൂ എന്ന് പറഞ്ഞ് പരാതി എഴുതിവാങ്ങി നടപടി സ്വീകരിക്കാൻ പോയില്ല. ഞാൻ എന്റെ ആഗ്രഹം പ്രകടിപ്പിച്ചു, നിങ്ങളൊന്നിച്ച് കഴിയണം, ഒന്നിച്ചു പോകണം. കാരണം അങ്ങനെ പറയുമ്പോൾ ഒരു ബാക്ക്ഗ്രൗണ്ട് ഉണ്ട്, ഇവർ ഒരിക്കൽ പിരിഞ്ഞതിനുശേഷം വീണ്ടും യോജിച്ചതാണ്. നമ്മൾ എന്തെങ്കിലും പറഞ്ഞാൽ നടന്നേക്കും എന്നുള്ള ഒരു പ്രതീക്ഷയുണ്ട്. പക്ഷേ, അതിന് ബുദ്ധിമുട്ടുണ്ടെന്ന് അവർ പറഞ്ഞു. അങ്ങനെ വന്ന അവസരത്തിൽ, ഇത്രയും നാൾ ഒന്നിച്ച് കഴിഞ്ഞ നിങ്ങൾ പിരിയുമ്പോൾ കഴിയുന്നത്ര ലോഹ്യമായി പിരിയുന്നതിനായി ഒരു സംവിധാനം പറഞ്ഞു. അതിനാണ് ചർച്ച ചെയ്തത്. ആ ശ്രമത്തിലെ എല്ലാ ഘട്ടങ്ങളും കടന്ന് വിജയകരമായി എഗ്രിമെന്റുണ്ടാക്കി. ആ എഗ്രിമെന്റിന്റെ കാര്യമാണ് ശ്രീ. ഷിബു ബേബി ജോൺ ഇവിടെ പറഞ്ഞത്. അതിന്റെ ഇംപ്ലിമെന്റേഷൻ സ്റ്റേജിൽ ഒരു പ്രശ്നം വന്നു. ഇത്രയും വലിയ വിവാദമാവുകയും എന്നെ പ്രതിക്കൂട്ടിലാക്കി ഇതൊക്കെ പറയുകയും ചെയ്തിട്ടും ഇന്നും ഞാൻ ചെയ്തത് ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നു. നാളെയും ഇതുതന്നെയായിരിക്കും എന്റെ നിലപാട്. കാരണം ഭിന്നിപ്പിക്കാനല്ല പൊതുപ്രവർത്തകർ ശ്രമിക്കേണ്ടത്, നമ്മുടെ ഒരു ഇടപെടൽ കൊണ്ട് ഒരു കുടുംബത്തിന് ആശ്വാസം കിട്ടുമെങ്കിൽ, ഒരു കുടുംബത്തിൽ യോജിപ്പുണ്ടാകുമെങ്കിൽ നമുക്ക് അതിനുവേണ്ടി കഴിയുന്നത്ര ശ്രമിക്കാം. അല്ലാതെ എന്തും ചെയ്ത് പ്രശ്നങ്ങൾ വഷളാക്കുന്ന ഒരു സാഹചര്യം ഉണ്ടാകരുത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതാണ് എന്റെ പ്രവർത്തനശൈലി.

ശ്രീ. എസ്. ശർമ്മ: സർ, അങ്ങ് ഇവിടെ മറുപടി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ രണ്ടു പോയിന്റുകളിൽ ഉറച്ചുനിൽക്കുന്നുവെന്ന് പറഞ്ഞിട്ട് രണ്ടും കൃത്യമായി പറഞ്ഞു. ആദ്യത്തെ പോയിന്റിൽ മന്ത്രി ശ്രീ. കെ. ബി. ഗണേഷ്

കുമാറിന്റെ വസതിയിലേയ്ക്ക് ഇന്ന സ്ത്രീയുടെ ഹസ്ബന്റ് വന്ന് അദ്ദേഹത്തെ ആക്രമിച്ചു എന്ന് പറയുന്ന സംഭവം ഉണ്ടായിട്ടില്ല എന്ന് അങ്ങ് സഭയിൽ പറയുകയാണ്. അങ്ങനെ ഉണ്ടായിട്ടുണ്ടെന്നാണ് ശ്രീമതി യാമിനിയുടെ ഇന്നലത്തെ പരാതിയുടെ സാരാംശം. അതിനാണ് ഡി.ജി.പി.യെ അന്വേഷിക്കാൻ ചുമതലപ്പെടുത്തിയത്. അപ്പോൾ അങ്ങ് ഇങ്ങനെയൊരു സ്റ്റേറ്റ്മെന്റ് നടത്തുമ്പോൾ അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ ഡി.ജി.പി.ക്കും മറിച്ചൊരു റിപ്പോർട്ട് തരാൻ കഴിയില്ല. ഡി.ജി.പി.യെ ചുമതലപ്പെടുത്തിക്കൊണ്ടു തന്നെ ഈ സ്റ്റേറ്റ്മെന്റിലൂടെ കേസ്സിനെ സ്വാധീനിച്ച് വീണ്ടും അവരുടെ പരാതി ബേസ്‌ലെസ് ആണെന്ന് സ്ഥാപിക്കുന്നതിന് അങ്ങയുടെ പ്രസ്താവന പങ്കുവഹിക്കില്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. എസ്.ശർമ്മ, അങ്ങ് കാര്യങ്ങൾ പറഞ്ഞത് മന:പൂർവ്വമല്ലായിരിക്കാം. ഞാൻ പറഞ്ഞത് ഒരു പത്രത്തിൽ വന്ന വാർത്തയിൽ പുറത്തുനിന്നുള്ള ഒരാൾ മന്ത്രിവസതിയിൽ കയറി മന്ത്രിയെ കയ്യേറ്റം ചെയ്തു എന്ന വാർത്ത സംബന്ധിച്ചാണ്. ആ വാർത്തയാണ് അടിസ്ഥാനരഹിതമെന്ന് ഞാൻ പറഞ്ഞത്. ഇന്നലെ ശ്രീമതി യാമിനി പറഞ്ഞതിനകത്തും പുറത്തുനിന്നുവന്ന ഒരാൾ ശ്രീ. കെ.ബി.ഗണേഷ് കുമാറിനെ കയ്യേറ്റം ചെയ്തതായി പറഞ്ഞിട്ടില്ല. അവരുടെ പെറ്റീഷനിലും അത് കാണിച്ചിട്ടില്ല. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ സ്ത്രീകളെ ഗാർഹികപീഡനത്തിൽ നിന്ന് സംരക്ഷിക്കുന്ന 2005-ലെ നിയമം പറഞ്ഞുകൊണ്ട് ഞാൻ അത് ലംഘിച്ചുവെന്ന് പറഞ്ഞു. ആ നിയമത്തിലെ വ്യവസ്ഥകളെന്തൊക്കെയാണെന്ന് എനിക്കും അറിയാം. ഇങ്ങനെയൊരു സാഹചര്യത്തിൽ സ്ത്രീകൾക്ക് അവർ താമസിക്കുന്ന വീട്ടിൽ തുടർന്ന് താമസിക്കുന്നതിനും അവിടെ സംരക്ഷണം

ഉറപ്പുവരുത്തുന്നതിനുമുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ടവർക്കുണ്ട്. ഞങ്ങൾ തമ്മിൽ ഇത്രയും അകന്ന സാഹചര്യത്തിൽ ഒന്നിച്ചു ജീവിക്കുന്നതിൽ എനിക്കൊരു ആശങ്കയുണ്ട്, അതുകൊണ്ട് ശ്രീ. കെ.ബി. ഗണേഷ് കുമാർ അവിടെ നിന്നും മാറിത്താമസിച്ചാൽ കൊള്ളാമെന്ന് ശ്രീമതി യാമിനി എന്നോട് ആവശ്യപ്പെട്ടു. ബുദ്ധിമുട്ടുള്ള ഒരു കാര്യമായിരുന്നു. എന്നാൽപ്പോലും ഞാൻ ശ്രീ. ഗണേഷ് കുമാറിനോട് സംസാരിച്ചു, ഇങ്ങനെയൊരു ആവശ്യം വന്നിട്ടുണ്ട് അതുകൊണ്ട് ഈ ചർച്ചയൊക്കെ പൂർത്തിയാകുന്നതുവരെ നിങ്ങൾ അവിടെ നിന്ന് മാറി താമസിക്കണമെന്ന് പറഞ്ഞു. ശ്രീ കെ. ബി. ഗണേഷ് കുമാർ അതനുസരിച്ച് ആ വീട്ടിൽ നിന്ന് മാറി താമസിക്കുകയും അവർക്ക് പൂർണ്ണമായ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. അങ്ങ് നിയമപരമായിട്ടുള്ള എന്തോ ലംഘനങ്ങൾ നടത്തി എന്ന് പറഞ്ഞതുകൊണ്ടാണ് ഇങ്ങനെ ഒരഭിപ്രായം ഞാൻ പറഞ്ഞത്. ആദ്യം പരാതി കൊടുക്കുവാൻ ശ്രീ. കെ. ബി. ഗണേഷ് കുമാറിന് അവസരം ഞാൻ മന:പൂർവ്വം ഉണ്ടാക്കിക്കൊടുത്തു എന്നാണ് അങ്ങ് പറഞ്ഞത്. ഫാമിലി കോർട്ടിൽ കേസ്സും കൗണ്ടർ കേസ്സും എന്നുപറയുന്ന ഒന്നില്ല. അത് പോലീസ് സ്റ്റേഷനിലുള്ള ക്രിമിനൽ കേസ്സുകളിൽ കാണുമായിരിക്കും. ഫാമിലി കോർട്ടിലെ കേസ്സിൽ ആദ്യത്തെ കേസും രണ്ടാമത്തെ കേസും എന്നുള്ള ഒരു പ്രശ്നം വരുന്നില്ല. അവിടെ നോക്കുന്നത് മറ്റു പല പരിഗണനകളും സാഹചര്യങ്ങളുമാണ്. കുടുംബ കോടതിയാണെങ്കിലും ആദ്യം ശ്രമിക്കുന്നത് പെറ്റീഷൻ കിട്ടിയതിനുശേഷം ഈ കുടുംബത്തെ വേർതിരിക്കാനല്ല നോക്കുന്നത്. ആദ്യം കൗൺസിലിംഗാണ്. അങ്ങനെയുള്ള ശ്രമങ്ങൾ ഒന്നിനുപുറകെ

ഒന്നായി നടത്തിയിട്ടും അത് വിജയിക്കുന്നില്ലെന്ന് ബോദ്ധ്യപ്പെടുന്ന സാഹചര്യത്തിലാണ് അവർക്ക് മറ്റ് കോടതിയിലേയ്ക്ക് പോകേണ്ടിവരുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഡോക്ടർ യാമിനി തങ്കച്ചി പറഞ്ഞ കാര്യം പറഞ്ഞിട്ട് ഒരു കാര്യം പറയാനുണ്ട് എന്നാണ്. ഒരാൾ പുറത്തുനിന്നു വന്നതും കതകടച്ചതും അതിനുശേഷം അവർക്കുനേരെ നടന്ന അതിക്രൂരമായ മർദ്ദനത്തെ സംബന്ധിച്ച് വാവിട്ട് കരഞ്ഞുകൊണ്ട് പത്രകാരോട് പറഞ്ഞതും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വായിച്ചതാണല്ലോ? ഞാനും വായിച്ചു. അപ്പോൾ അവർക്കുനേരെ അസഹനീയമായ നിലയിൽ ക്രൂരമായ മർദ്ദനം അവരുടെ ഹസ്ബെന്റ് നടത്തിക്കൊണ്ടിരിക്കുന്നു എന്ന് വാവിട്ടു കരഞ്ഞുകൊണ്ടു പറഞ്ഞു. കാരണം അയാൾവന്നു അടി അല്ലാത്തതെല്ലാം ചെയ്തു എന്ന് അങ്ങ് പറഞ്ഞു എന്നുള്ളത് ശരിയാണ്. അയാളുടെ കാലുപിടിച്ച് കരഞ്ഞുകൊണ്ട് ശ്രീ. കെ. ബി ഗണേഷ് കുമാർ ഇടപെടുകയായിരുന്നു എന്നും ഡോ. യാമിനി തങ്കച്ചി പറഞ്ഞു. അതുകഴിഞ്ഞ് അവർ പറഞ്ഞത് അയാൾ പുറത്തുപോയതിനുശേഷം വാതിലടച്ചിട്ട് ശ്രീ. കെ. ബി. ഗണേഷ്കുമാർ അതിക്രൂരമായി അവരെ മർദ്ദിച്ചു എന്ന കാര്യം അവർ വാവിട്ട് കരഞ്ഞുകൊണ്ട് പത്രകാരോട് പറഞ്ഞത് അങ്ങ് കേട്ടില്ലേ? അത് ശരിയായിട്ടുള്ള ഒരു മർദ്ദനമായിരുന്നു, തലോടലായിരുന്നില്ല, ക്രൂരമായ മർദ്ദനമായിരുന്നു എന്നാണ് അവർ പറഞ്ഞത്. അത് സംബന്ധിച്ച് സ്നേഹിതനായ ശ്രീ. കെ. ബി. ഗണേഷ് കുമാറിനെ അങ്ങ് എന്തെങ്കിലും ഉപദേശിച്ചോ? അതുപോലെ ഈ പ്രശ്നത്തിന് മാന്യമായ ഒരു ഒത്തുത്തീർപ്പുണ്ടാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നിങ്ങളെല്ലാം നടത്തിയതിന്റെ ഫലമായി മാന്യമായ ഒരു ഒത്തുത്തീർപ്പിലെത്താൻ ഇതുവരെയെങ്കിലും കഴിഞ്ഞോ? പത്രറിപ്പോർട്ടുകളിൽ കഴിഞ്ഞിട്ടുള്ളതായി

കാണുന്നില്ല. ഇതിൽ നിന്നും എന്തെങ്കിലും കൂടുതൽ വിവരങ്ങൾ അങ്ങേയ്ക്ക് പറയാനുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി : ഇന്നലെ വൈകിട്ട് എനിക്കുതന്ന പരാതിക്കകത്ത് അങ്ങ് ഇവിടെ ഇപ്പോൾ പറഞ്ഞതുപോലുള്ള പരാതി ഡോ. യാമിനി തങ്കച്ചി തന്നിട്ടുണ്ട്. അതാണ് ഞാൻ പോലീസ് സ്റ്റേഷനിൽ ഡി.ജി.പി.-യ്ക്ക് കൈമാറിയത്. അതിനാണ് പോലീസ് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആ കാര്യത്തിലൊന്നും ഒരു മിനിട്ടുപോലും താമസിപ്പിച്ചിട്ടില്ല. നിയമപരമായി അതിന്റെ നടപടി നടക്കുമെന്നുള്ള കാര്യങ്ങൾ പരാതിയിലുണ്ട്. പോലീസ് അതിന്റേതായ നടപടികളിൽ കൂടി മുന്നോട്ടുപോകും.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: പരിഹാരമായി കൊടുക്കാമെന്നു പറഞ്ഞ തുക ആ എഗ്രിമെന്റ് പ്രകാരം കൊടുത്ത് പ്രശ്നം രമ്യമായി തീർക്കാവുന്ന ഒരു അന്തരീക്ഷമായി കഴിഞ്ഞോ? എന്താണ് ഇപ്പോഴത്തെ സ്ഥിതി?

ശ്രീ. ഉമ്മൻ ചാണ്ടി : അങ്ങനെ ഒരു ഇടപെടൽ ഞാൻ നടത്തിയതിനാണ് ഇപ്പോൾ നിങ്ങളെല്ലാംകൂടി എന്നെ ക്രൂശിക്കുന്നത്. ഇനിയും എന്നെ ഒരിക്കൽകൂടി ക്രൂശിക്കണമെന്നുണ്ടെങ്കിൽ ആയിക്കോട്ടെ.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : അങ്ങ് നടത്തിയിട്ടുള്ള പരിശ്രമം വിജയകരമായ രീതിയിൽ പര്യവസാനിച്ചു കഴിഞ്ഞോ? നിങ്ങൾ സന്തോഷിക്കുന്നതുപോലെ ഞങ്ങൾക്കും സന്തോഷിക്കാനുള്ള അവസരം ഉണ്ടായോ? എന്താണ് സംഭവിച്ചതെന്ന് പറയണം.

ശ്രീ. ഉമ്മൻ ചാണ്ടി : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ ഞാൻ ദിവസങ്ങളോളമെടുത്ത് അതിനുവേണ്ടിയാണ് ശ്രമിച്ചത്. അതിന്റെ ആദ്യത്തെ ഘട്ടത്തിൽ വിജയം കണ്ടു. അതിന്റെ നടത്തിപ്പിന്റെ രംഗത്തുവന്നപ്പോൾ

ചെറിയ ഒരു അഭിപ്രായ വ്യത്യാസമുണ്ടായി. അതും പരിഹരിക്കാൻ സാധിക്കുമെന്നായിരുന്നു എന്റെ പ്രതീക്ഷ. പക്ഷേ ഇപ്പോൾ ഞാൻ അങ്ങനെ ഇടപ്പെട്ടതാണ്. അതെവിടം വരെ പോയി? സത്യപ്രതിജ്ഞാ ലംഘനം വരെ പോയി. സമാധാനപരമായി യോജിച്ചുപോകുന്ന ഒരു സാഹചര്യമാണ് ഞാൻ എന്നും ആഗ്രഹിക്കുന്നത് . കുടുംബത്തിലായാലും രാഷ്ട്രീയ പാർട്ടിയിലായാലും പൊതു മേഖലകളിലായാലും പൊതു പ്രവർത്തനരംഗത്തായാലും അതു വേണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്രയും പറഞ്ഞ കൂട്ടത്തിൽ ഡോക്ടർ യാമിനി ഉന്നയിച്ച ആക്ഷേപങ്ങളെ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ പ്രതികരണം പത്രത്തിൽ കണ്ടു. യാമിനി ഇന്നലേയും പത്രസമ്മേളനം നടത്തി പറഞ്ഞത് ഈ പ്രശ്നത്തിൽ ബാഹ്യശക്തികളുടെ ഇടപെടൽ ഉണ്ടെന്നാണ്. ഏതാണ് ഈ ബാഹ്യശക്തികൾ? ശ്രീ. കെ. ബി. ഗണേഷ് കുമാർ പറയുന്നത് ശ്രീ. പി. സി. ജോർജ് നിരവധി പ്രാവശ്യം ഫോൺ ചെയ്തു എന്നാണ്. ഗവൺമെന്റ് ചീഫ് വിപ്പാണോ ബാഹ്യശക്തി? ആരിൽ നിന്നു കിട്ടിയ വിവരമാണ് മുഖ്യമന്ത്രിക്ക് ഇങ്ങനെ പറയാൻ ഇടയാക്കിയത്?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : എനിക്ക് യാമിനിയുമായിട്ടുള്ള പരിചയം ഈ പ്രശ്നം വന്നതിനുശേഷമുള്ളതാണ്. അതിനുശേഷം അവരുമായി എനിക്ക് പലവട്ടം സംസാരിക്കേണ്ടി വന്നിട്ടുണ്ട്. അവർ എന്നോട് പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം വളരെ യാഥാർത്ഥ്യബോധത്തോടും സത്യസന്ധതയോടും കൂടിയതായിട്ടാണ് ഞാൻ വിശ്വസിക്കുന്നത്. ഒരാളുമായി ഇടപെടുമ്പോൾ നമുക്കറിയാൻ സാധിക്കും അവരുടെ സ്വഭാവം. അങ്ങനെ ഞങ്ങൾ ഇടപെടുകയും

എന്നോട് കാര്യങ്ങളെല്ലാം തുറന്നുപറയുകയും ചെയ്തിട്ടുള്ള യാമിനി എനിക്ക് പരാതി തന്നു എന്നുപറയുന്നത് തെറ്റായിട്ടുള്ള കാര്യമാണ്. ഇന്നലെ ഞാൻ അങ്ങോട്ട് ചോദിക്കുമ്പോൾ പരാതിക്കാരനകത്തുണ്ടായിരുന്നു എന്നാണ് പറഞ്ഞത്. അപ്പോൾ അങ്ങനെ വളരെ സത്യസന്ധമായ കാര്യങ്ങൾമാത്രം പറയുകയുള്ളു എന്ന് വിശ്വസിച്ചിരുന്ന ഒരാൾ ഇങ്ങനെ ഒന്നുപറഞ്ഞപ്പോൾ നിശ്ചയമായും അവർ സ്വന്തമായി പറയുന്ന ഒന്നല്ല, അത് ബാഹ്യശക്തികളുടെ പ്രേരണകൊണ്ടാകാം എന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ എന്റേതായ സംശയംപങ്കിട്ടു. ഏതായാലും ശ്രീ. പി. സി. ജോർജ്ജാണെന്ന് അങ്ങ് പേര് പറഞ്ഞതുകൊണ്ട് അത് ശ്രീ. പി.സി. ജോർജ്ജാണെന്ന് കരുതുന്നുമില്ല. ചോദ്യങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ ഇത് ..........

ശ്രീ. എസ്. ശർമ്മ: പ്രശ്നങ്ങൾ തീർക്കാൻ ഞാൻ ഇടപെടുകയും അവസാനം എല്ലാവരുംകൂടി എന്നെ കുരിശ്ശിലേറ്റി എന്നുമാണ് അങ്ങ് ഇവിടെ പറഞ്ഞത്. അങ്ങയുടെ അറിവോടുകൂടിയാണോ ഈ കരാർ ലംഘിച്ചു കൊണ്ട് ശ്രീ. കെ. ബി. ഗണേഷ് കുമാർ കോടതിയെ സമീപിച്ചത്?

ശ്രീ. ഉമ്മൻ ചാണ്ടി: നമ്മൾ തമ്മിലുള്ള പരിചയംകൊണ്ട് അങ്ങേയ്ക്ക് എന്ത് തോന്നുന്നോ അത് പറയുന്നതാണ് നല്ലത്. ഞാനറിഞ്ഞുകൊണ്ടാണെന്നാണ് നിങ്ങളുടെ അഭിപ്രായമെങ്കിൽ അതു പറയണം. നമ്മൾ തമ്മിലുള്ള ഇത്രയും പരിചയത്തിന്റെ അടിസ്ഥനത്തിൽ ശ്രീ. എസ്. ശർമ്മയ്ക്കുള്ള അഭിപ്രായത്തിന് ഞാൻ വിടുന്നു. അങ്ങ് തീരുമാനിച്ചുകൊള്ളുക. നമ്മൾ തമ്മിലുള്ള പരിചയത്തിന്റെ പേരിൽ അങ്ങ് തീരുമാനിച്ചുകൊള്ളുക ഇങ്ങനെയൊരു ഒരു തീരുമാനം ഞാൻ എടുക്കുമോ ഇല്ലയോ എന്നത്. തികച്ചും ഗാർഹികമായ ഒരു പ്രശ്നം ഈ രീതിയിൽ വന്നതിൽ അങ്ങേയ

റ്റത്തെ പ്രയാസമുണ്ട്. അങ്ങ് ഇതിന് ഇങ്ങനെയൊരു മാനം കൊടുക്കുന്നത് ശരിയല്ല. ഇത് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല എന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: സർ, ഗാർഹിക പ്രശ്നം എന്നുപറഞ്ഞുകൊണ്ട് സ്വന്തം ഭാര്യയെ അതിനീചമായും ക്രൂരമായും മർദ്ദിക്കുന്ന ഒരു മർദ്ദകവീരനെ സംരക്ഷിക്കാൻ നടത്തുന്ന ശ്രമം വളരെ അത്ഭുതകരമായിരിക്കുകയാണ്. ഇപ്പോൾ ഇവിടെ എന്താണ് നടന്നിരിക്കുന്നത്? മന്ത്രി നല്ല മിടുക്കനായി മന്ത്രിക്കസേരയിൽ ഇരിക്കുകയാണ്. വാവിട്ട് കരഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ പ്രിയപത്നി പത്രക്കാരോട് പറഞ്ഞതെല്ലാം ജനങ്ങൾ കേട്ടുകൊണ്ടിരിക്കുകയാണ്. പ്രതിപക്ഷം ഇതിലെന്ത് പിഴച്ചു? ഇതിന്റെ സത്യാവസ്ഥ എന്തെന്ന് മനസ്സിലാക്കാനല്ലേ ഞങ്ങൾ ശ്രമിച്ചുള്ളു. അതിന് ഞങ്ങളെ ആക്ഷേപിക്കുന്ന തരത്തിലുള്ള നിലപാടെടുക്കുന്നത് ശരിയാണോ? അങ്ങിപ്പോൾ ഒരു പ്രശ്നവുമില്ല എന്ന് പറഞ്ഞു കഴിഞ്ഞു. അല്ലേ; .............

മി. സ്പീക്കർ: അങ്ങനെയൊന്നും പറഞ്ഞില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, എന്താണ് അങ്ങ് ഉദ്ദേശിക്കുന്നത് എന്ന് മനസ്സിലാകുന്നില്ല. അങ്ങയുടെ മറുപടി കേട്ടതിനുശേഷം എന്താണ് വേണ്ടതെന്ന് ഞങ്ങൾ നിശ്ചയിക്കാം.

<u>മി.സ്പീക്കർ</u>: ഞാൻ റൂളിംഗ് പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്ന തായി ഞാൻ റൂളിംഗ് പറഞ്ഞു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി മുഖ്യമന്ത്രി യുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നിഷേധിക്കുന്നു എന്നു ഞാൻ നേരത്തെ പറഞ്ഞു.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: സർ, വളരെ നീചമായ ഒരു സംഭവ മാണ് കേരളത്തിൽ നടന്നിട്ടുള്ളത്. ഒരു സംസ്ഥാനത്തെ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രിയപത്നി കഴിഞ്ഞ 18 വർഷമായി അവർക്കുണ്ടായിട്ടുള്ള ദയനീയമായ അനുഭവം വിശദീകരിച്ചു. അവരുടെ കുഞ്ഞുമോന്റെ സ്നേഹി തന്റെ അമ്മ എന്റെ പ്രിയപ്പെട്ട ഭർത്താവിനെ വലച്ചതിന്റെ ഫലമായി ഞങ്ങളുടെ 18 വർഷക്കാലത്തെ ജീവിതം അലങ്കോലപ്പെട്ടിരിക്കുകയാണ്. ഒരു പ്രാവശ്യം ഞങ്ങൾ സന്ധിയായി. അതിനുശേഷം ഒരു കാലത്തും അദ്ദേഹവുമായി ഒരുമിച്ച് ജീവിക്കാൻ കഴിയില്ല എന്ന് അദ്ദേഹത്തിന്റെ ക്രൂരമായ ഇടപെടലുകൾകൊണ്ട് മനസ്സിലായി എന്ന് കേരളത്തിലെ മാന്യന്മാരായ പത്ര പ്രവർത്തകരെ വിളിച്ചുവരുത്തി പൊട്ടിക്കരഞ്ഞുകൊണ്ട് അവർ പറഞ്ഞു. അവർ പറഞ്ഞത് ശരിയാണോ; അങ്ങനെ എന്തെങ്കിലും സംഭവിച്ചിട്ടുണ്ടോ എന്നുള്ളത് മനസ്സിലാക്കാൻ വേണ്ടി കഴിഞ്ഞ സഭയിൽ മുഖ്യമന്ത്രിയും മറ്റുള്ളവരും പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം വച്ചുകൊണ്ട് ഞങ്ങൾ ചോദിക്കുകയാണ്. അതിന് തൃപ്തികരമായ യാതൊരു മറുപടിയും പറയാൻ തയ്യാറാകാതെ...... ബാഹ്യശക്തി ആരാണെന്ന് ഇതുവരെ പറഞ്ഞിട്ടില്ലല്ലോ; ബാഹ്യശക്തി എന്നുപറയുമ്പോൾ

ശ്രീ. പി. സി. ജോർജ്ജിനെപ്പറ്റി ചിന്തിക്കാൻ കഴിയില്ല. കാരണം പല കാര്യങ്ങളിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സഹായിച്ചിട്ടുള്ള ആളാണ്. അതുകൊണ്ട് പി. സി. എന്നുമാത്രമേ പറയൂ, ജോർജ് എന്നുപോലും പറയില്ല. അത്ര സ്നേഹബഹുമാനമാണ്. അദ്ദേഹത്തിന്റെ കേസ്സുകളിലെല്ലാം രക്ഷി ക്കുന്ന ആളാണ്. അതുകൊണ്ട് ശ്രീ. പി. സി. ജോർജ് എന്തുതന്നെ കാണി ച്ചാലും അദ്ദേഹത്തെ ആക്ഷേപിക്കാൻ കഴിയില്ല. തന്നെയുമല്ല ശ്രീ. പി. സി. ജോർജ്ജിന്റെ ലീഡറായ നമ്മുടെ മാണി സാർ പറഞ്ഞിട്ടുണ്ട് എന്തുതന്നെയാ യാലും ശ്രീ. പി. സി. ജോർജ്ജിനെ ഞങ്ങളുടെ കൂട്ടത്തിൽനിന്നും മാറ്റുന്ന പ്രശ്നമേ ഇല്ല എന്ന്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരി ക്കുന്ന സാഹചര്യത്തിൽ ശ്രീ. പി. സി. ജോർജ്ജിനെ സംബന്ധിച്ച് ഒന്നും പറ യാൻ കഴിയില്ല. ഈ നാടകമെല്ലാം ഇവിടെ ഇതിനകം നടന്നുകഴിഞ്ഞിരിക്കു കയാണ്. ഇരകളെ രക്ഷിക്കുന്ന തരത്തിലുള്ള നടപടികൾ വേണം സ്വീകരി ക്കേണ്ടതെന്ന് ഇന്ത്യയുടെ മഹാനായ പ്രസിഡന്റ് ശ്രീ. പ്രണബ്കുമാർ മുഖർജി പറപ്പെടുവിച്ചിട്ടുള്ള ഓർഡിനൻസ് നിലനില്ക്കുകയാണ്. അതേ സമയം കേരളത്തിന്റെ മുഖ്യമന്ത്രിയും കൂട്ടരും ആ ഇരയോട് കാണിച്ചുകൊ ണ്ടിരിക്കുന്ന അത്യന്തം നീചമായ സമീപനത്തോട് ഞങ്ങൾക്ക് യാതൊരു തര ത്തിലും യോജിപ്പില്ല എന്നുള്ളതുകൊണ്ട് ഞാനും എന്റെ പാർട്ടിയും ഇതു സംബന്ധിച്ചുള്ള ഞങ്ങളുടെ പ്രതിഷേധം അറിയിക്കാൻ വേണ്ടി വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ സഭവിട്ടു പുറത്തുപോയി)

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ബഹുമാനപ്പെട്ട സ്പീക്കർ നടത്തിയ പ്രസ്താവന ശരിയല്ല. ഖേദപൂർവ്വം ഞാൻ പിൻവലിക്കുന്നു. ഞാൻ സ്പീക്കറെ ധിക്കരിച്ച് ഇതുവരെ ഒന്നും ചെയ്തിട്ടില്ല. ഇനി ചെയ്യാൻ ഉദ്ദേശിക്കുന്നുമില്ല.

<u>മി. സ്പീക്കർ</u>: അത് കുഴപ്പമില്ല. ആ പ്രശ്നം സോൾവായി.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, അത് നീതിക്കുവേണ്ടിയുള്ള ശബ്ദമാണ്. അത് ലഭിക്കണമെന്നേയുള്ളൂ.

<u>മി. സ്പീക്കർ</u>: ഞാൻ അതിനെ ഉൾക്കൊള്ളുന്നു.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഈ അടിയന്തര പ്രമേയത്തിന് മറുപടിയായി ഒരുപാട് കാര്യങ്ങൾ പറഞ്ഞു. പക്ഷെ രണ്ടുമൂന്ന് വസ്തുതകൾ ഇപ്പോഴും ദുരൂഹമായി നില്ക്കുകയാണ്. അതിലൊന്ന്, ഇന്നത്തെ 'The Hindu' പത്രം, ഇത് നാഷണൽ പ്രസ്സാണ്. അങ്ങും അത് വായിക്കുന്നതാണ്. (പത്രം ഉയർത്തിക്കാട്ടി) അതിൽ 'Sri. Chandi has cheated Me' എന്ന തലക്കെട്ടിൽ വസ്തുതാപരമായി അവർ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. 'She said Chief Minister Oommenchandy had 'cheated her' by dissuading her from criminally proceeding against her husband on the grounds of the physical assault, harassment, and cruelty. At a press conference, Dr. Yamini said she had met Chief Minister on March 7 with a written complaint detailing the 'domestic harassment' she had suffered repeatedly at the hands of her husband for the 'past 16 years.' However Mr. Chandy had sought a chance to settle the issue

amicably'- ഇത് അങ്ങ് നിഷേധിക്കുന്നില്ല. അങ്ങ് നിയമസഭയിൽ ആവർത്തിച്ചുപറഞ്ഞത് ആ സ്ത്രീ ഒരു പെറ്റീഷൻ തന്നിട്ടില്ല എന്നാണ്. ആ പെറ്റീഷൻ നിങ്ങൾ വാങ്ങിയില്ല എന്നുള്ളതാണ് വാസ്തവം. അങ്ങ് ആ പെറ്റീഷൻ വാങ്ങിയില്ല, അങ്ങ് നിഷേധിക്കുകയാണ് ചെയ്തത്. അതാണ് ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഇന്നലെ പറഞ്ഞത് അതായത് – രാജ്യം മുഴുവൻ പെറ്റീഷൻ വാങ്ങുന്ന നിങ്ങൾ പാവപ്പെട്ട ഈ പെൺകുട്ടിയെ ഹരാസ് ചെയ്തതിന്റെ പെറ്റീഷൻ വാങ്ങാൻ എന്തുകൊണ്ട് തയ്യാറായില്ല.? ഈ വിഷയത്തിൽ ഞങ്ങളോട് പ്രകോപനപരമായി പെരുമാറിയിട്ട് കാര്യമില്ല. അപ്പുറത്തിരിക്കുന്ന എല്ലാ മെമ്പർമാരോടും ഞാൻ വിനീതമായി ചോദിക്കുന്നു ഞങ്ങൾക്ക് ഇതിൽ വല്ല പങ്കുമുണ്ടോ? നിങ്ങൾ ആത്മാഭിമാനം ഉള്ളവരല്ലേ; ഈ നിയമസഭ ഒരു കുടുംബ കോടതിയായില്ലേ; നിയമസഭയിലെ സബ്ജക്ട് എന്താണ്; രാജ്യത്തിന്റെ അല്ലെങ്കിൽ സമൂഹത്തിന്റെ സബ്ജക്ടാണോ; ഇതൊരു ഇമ്മോറൽ ആക്ടിവിറ്റിയുടെ കാര്യമല്ലേ; ഇമ്മോറൽ ട്രാഫിക്കല്ലേ നിങ്ങളുടെ മന്ത്രിസഭയിൽ നടക്കുന്നത് – അത് ഗുരുതരമായ കാര്യമല്ലേ; എത്ര കേസ്സുകളാണ്; എന്തെല്ലാം ആരോപണങ്ങളാണ്; രാജ്യത്ത് വരൾച്ചയാണ്, കുടിവെള്ളമില്ല, വിലക്കയറ്റമാണ്, യാത്ര ചെയ്യാൻ നിവൃത്തിയില്ല, അങ്ങനെ ജനങ്ങൾ പിടയുമ്പോൾ സഭയിൽ ഇതാണോ ചർച്ച ചെയ്യേണ്ടത്; എന്തുകൊണ്ടാണ് ഈ സഭയിൽ ഇങ്ങനെ നിർഭാഗ്യകരമായ കാര്യങ്ങളുണ്ടായത്? അങ്ങ് ഈ പെറ്റീഷൻ വാങ്ങി അന്നുതന്നെ പോലീസിന് കൈമാറിയെങ്കിൽ വല്ല പ്രശ്നവുമുണ്ടാകുമായിരുന്നോ; അങ്ങേയ്ക്കുതന്നെ അറിയാം മുമ്പ് ഇവർ പിരിഞ്ഞവരാണ്, ഇനി യോജിപ്പിക്കാൻ ബുദ്ധിമുട്ടാണ് എന്നുള്ള കാര്യം. അതിനെക്കാൾ വിചിത്രമായ കാര്യം – ജോലി ഒന്നുമില്ലാത്തതുകൊണ്ട് ലേബർ മിനിസ്റ്ററെ

ഇക്കാര്യങ്ങൾ ഏല്പിച്ചു. ലേബർ മന്ത്രിയുടെ ജോലി ഇതാണോ; എന്ത് കാര്യമാണ് നടക്കുന്നത്; ഐ.ഡി. ആക്ടിലെ ഏത് സെക്ഷനിലാണ് ഇക്കാര്യങ്ങൾ വരുന്നത്? ഇതൊരു തൊഴിൽ തർക്കമാണോ; ഇതൊരു കുടുംബ കോടതിയിൽ പോകേണ്ട പ്രശ്നമല്ലേ; അവസാനമല്ലേ കുടുംബ കോടതിയിൽ ശ്രീ. കെ.ബി. ഗണേഷ് കുമാർ പോയത്. ആദ്യം പോകേണ്ടതായിരുന്നില്ലേ; കുടുംബ കോടതിയിൽ പോകേണ്ട ഒരു പ്രശ്നത്തിൽ ക്യാബിനറ്റിലെ ഒരു മന്ത്രിയുടെ സമയമെല്ലാം നഷ്ടപ്പെടുത്തി അദ്ദേഹത്തെ ചുമതല ഏൽപ്പിച്ചു. അപമാനകരമായ കാര്യമല്ലേ; നിങ്ങളുടെ സെറ്റിൽമെന്റ് എവിടെ; ഇവിടെ ചർച്ച ചെയ്തപ്പോൾ എഗ്രിമെന്റ് എടുത്ത് ഉയർത്തിക്കാണിക്കുന്നു. നിയമസഭയുടെ മേശപ്പുറത്തുവയ്ക്കാൻ ഇത് എന്തെങ്കിലും തൊഴിൽ തർക്കത്തിന്റെ എഗ്രിമെന്റാണോ; ഇതൊരു സ്വകാര്യ കുടുംബ കേസല്ലേ. ഇത് ഭാര്യയും ഭർത്താവും തമ്മിലുള്ള കേസല്ലേ? കേരളത്തിൽ പ്രശ്നങ്ങളുള്ള എത്രയോ കുടുംബങ്ങളുണ്ട്. നിങ്ങൾ എന്തെങ്കിലും ചെയ്യുന്നുണ്ടോ; ഈ വിഷയം സഭയിൽ കൊണ്ടുവരാൻ ഈ കുടുംബത്തിന് എന്തെങ്കിലും പ്രത്യേകതയുണ്ടോ. സഭയുടെ സമയം നഷ്ടപ്പെടുത്താൻ, ഖജനാവിലെ കാശുമുഴുവൻ വേസ്റ്റാക്കാൻ ആരാണിത്; ഒരാളിന് മാത്രമായി എന്തവകാശമാണ് ഉള്ളത്? നമ്മളെല്ലാവരേയുംപോലെ ഇന്ത്യയിലെ ഒരു സിറ്റിസൺ അല്ലേ. നമുക്ക് പ്രത്യേക അവകാശമൊന്നുമില്ല. മന്ത്രിയുടെ ഭാര്യയ്ക്ക് പ്രത്യേക പരിഗണനയില്ല. മന്ത്രിയുടെ ദാമ്പത്യ ജീവിതത്തിന് പ്രത്യേകതയൊന്നുമില്ല. എന്നിട്ടും നിങ്ങളെല്ലാവരുംകൂടി ചേർന്ന് ആ വിഷയം ഏകദേശം കുളമാക്കി. സത്യസന്ധമായി പറഞ്ഞാൽ മോറലായി, ധാർമ്മികമായി, രാഷ്ട്രീയമായി നിങ്ങൾ ഇത് അംഗീകരിക്കുന്നതല്ല. ആത്മാഭിമാനമുള്ള ഒരാളും ഒരു പൊതുപ്രവർത്തനത്തിൽ......... ഇങ്ങനെയൊരു സഭ, സഭയിൽ

അപൂർവ്വങ്ങളിൽ അപൂർവ്വമായ വിഷയമാണ്. മുഖ്യമന്ത്രി നിങ്ങൾക്ക് ഇത് അപമാനകരമാണ്. വളരെ ചീപ്പായ ഒരു കേസ്സിൽ നിങ്ങൾ നിയമസഭയെ തെറ്റിദ്ധരിപ്പിച്ചു. കേരളത്തെ തെറ്റിദ്ധരിപ്പിച്ചു. കുടുംബത്തിനെ രണ്ടാക്കി. കുട്ടികളെ അനാഥരാക്കി.

ഒരു ഒത്തുത്തീർപ്പും ഉണ്ടായില്ല. നിങ്ങളുടെ റിസൾട്ട് എന്താണ്? ഇങ്ങനെയാണോ നിങ്ങൾ തൊഴിൽ കാര്യങ്ങളിലെല്ലാം ഇടപെടുന്നത്? ഇങ്ങനെയാണോ കേരളത്തിന്റെ തൊഴിൽ വകുപ്പുമന്ത്രി തർക്കങ്ങളിൽ ഇടപെടുന്നത്? എന്ത് കാര്യമായിരുന്നു. പക്വതയുള്ള ആളുകളില്ലേ? ശ്രീ. കെ. എം. മാണിയെ ഏൽപ്പിക്കണ്ടേ? ഇതിനൊക്കെ പ്രായവും കാര്യങ്ങളുമൊക്കെ ഉണ്ടല്ലോ? അല്ലെങ്കിൽ ശ്രീ. ആര്യാടൻ മുഹമ്മദിനെ ഏൽപ്പിക്കണ്ടേ? അവർ മന്ത്രിസഭയിലെ മുതിർന്ന ആളുകളല്ലേ? നിങ്ങളുടെ ചില ആളുകളെ ഉപയോഗിച്ച് ആ കുടുംബം രണ്ടാക്കി. ഇതിന് മുമ്പ് ഒരിക്കൽ ശ്രീ. കെ.ബി. ഗണേഷ് കുമാറിന്റെ കുടുംബം രണ്ടായപ്പോൾ ഞങ്ങൾ അന്ന് അറിഞ്ഞ് അതിൽ ഇടപ്പെട്ട് സഹായിച്ചതാണ്. ഇപ്പോഴും അത് സ്വയം തീരുമായിരുന്നു. അങ്ങ് ഇടപെട്ടാണ് ഇങ്ങനെ ആക്കിയത്. അങ്ങ് ഇടപ്പെട്ടതിന്റെ ഫലമായിട്ടാണ് ആ കുടുംബം അനാഥമായത്. അദ്ദേഹത്തിന്റെ ഭാര്യയ്ക്കും കുട്ടികൾക്കും അച്ഛനും അദ്ദേഹത്തിന്റെ പാർട്ടിക്കും അദ്ദേഹത്തെ വേണ്ട. എന്തിനാണ് ഈ സമയം മുഴുവൻ കളയുന്നത്; അങ്ങ് മുഖ്യമന്ത്രിയായി ഇരുന്നിട്ട് എന്തിനാണ് ഇതെല്ലാം ചെയ്യുന്നത്. അങ്ങ് എന്തുകൊണ്ട് സ്ട്രെയിൻ എടുത്തു? അങ്ങയെക്കുറിച്ച് ഞങ്ങൾക്ക് നല്ല അഭിപ്രായമാണുള്ളത്. തെറ്റിദ്ധരിക്കരുത്. അങ്ങയുടെ സത്യസന്ധതയെ ഈ സഭയിൽ ഒരിക്കലും ചോദ്യം ചെയ്തിട്ടില്ല. പക്ഷേ അങ്ങ് വളരെ ഡേർട്ടി ആയിട്ടുള്ള ഒരു കേസ്സിൽ നേരിട്ട് ഇടപ്പെട്ടു. അത് അങ്ങ് ആത്മപരിശോധന ചെയ്യണം. ആത്മപരിശോധന ചെയ്താൽ

ഞങ്ങൾ പറയുന്നതെല്ലാം ശരിയാണെന്ന് തോന്നും. ഞങ്ങൾ പറയുന്ന നിയമങ്ങൾ പലതും നിങ്ങൾക്ക് നിഷേധിക്കാം. ഞാൻ അങ്ങയുടെ മന:സാക്ഷിയോട് ചോദിക്കുന്നു. നിയമവും രാഷ്ട്രീയവുമെല്ലാം മറക്കാം. അങ്ങ് ഇടപെട്ടത് ശരിയാണോ? തെറ്റായിപോയില്ലേ? വഷളായി പോയില്ലേ? ഇനി ഈ കേരളത്തിൽ ആരെങ്കിലും ഇടപെടാനുണ്ടോ? ആദ്യമേ തന്നെ അപ്പീൽ കേൾക്കുന്ന സുപ്രീംകോടതി ഇടപെടുന്നത് എങ്ങനെയാണ്? കീഴ്ക്കോടതികളിൽ കേസ് കൊടുക്കണ്ടേ? അവസാനമല്ലേ മുഖ്യമന്ത്രി ഇടപെടാൻ പാടുള്ളു? ഒരു മാർഗ്ഗവുമില്ലാതെ വരുമ്പോഴാണ് കേരളത്തിലെ ഒരു മന്ത്രിയുടെ കുടുംബകാര്യമായാലും മറ്റേത് കാര്യമായാലും അവസാനമായി വേണം അങ്ങ് ഇടപെടാൻ. അങ്ങ് ഇത് ആദ്യമായി ഇടപെട്ടു. ഇനി ആരാണ് ഇടപെടാനുള്ളത്? ഇനി ആ കേസ്സെല്ലാം കോടതിയിലും മ്യൂസിയം പോലീസ് സ്റ്റേഷനിലുമായി. ഒരു പാർട്ടി കുടുംബകോടതിയിൽ പോയി. മധ്യസ്ഥന്മാർ ഇവിടെ ഇരിപ്പുണ്ട്. ആർക്കും ഒന്നും പറ്റിയില്ല. നിങ്ങൾക്ക് ആർക്കെങ്കിലും എന്തെങ്കിലും നഷ്ടം സംഭവിച്ചോ? ശ്രീ. കെ.ബി. ഗണേഷ് കുമാറിന്റെ കുടുംബം തകർന്ന് താറുമാറായി. അങ്ങ് സഭയിലെ ലീഡറാണ്. ലീഡർ പറഞ്ഞപ്പോൾ ശ്രീ. കെ.ബി. ഗണേഷ് കുമാർ രാജിവച്ചു. മന്ത്രി രാജിവച്ചു. ...........നിങ്ങൾ പറയുമ്പോൾ വാക്കൗട്ട് നടത്താൻ പറ്റുമോ? ...........(ബഹളം).............

<u>മി. സ്പീക്കർ</u>: ശ്രീ. സി. ദിവാകരൻ...........പ്ലീസ്.......പ്ലീസ്.............

<u>ശ്രീ. സി. ദിവാകരൻ</u>: ഞാൻ ഒറ്റ വാചകം പറഞ്ഞ് അവസാനിപ്പിക്കാം.

<u>മി. സ്പീക്കർ</u>: ..........(ബഹളം)...............പ്ലീസ്.......പ്ലീസ്...... ഒരു മിനിട്ട് പ്ലീസ്..........പ്ലീസ്............

ശ്രീ. ബെന്നി ബെഹനാൻ: ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സഭാ നടപടികൾ തൽക്കാലം ബഹിഷ്കരിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നുവെന്ന് പറഞ്ഞതാണ്. പ്രതിപക്ഷ നേതാവ് മാത്രമേ വാക്കൗട്ട് നടത്തിയുള്ളു. ബാക്കിയുള്ള അംഗങ്ങൾ ഇവിടെ നിൽക്കുകയാണ്. ഇത് നടപടിക്ക് വിരുദ്ധമാണ്. പ്രതിപക്ഷ നേതാവിനെ അവർ അംഗീകരിക്കുന്നില്ല എന്നതിന്റെ തെളിവാണത്. അതുകൊണ്ട് വാക്കൗട്ട് പ്രഖ്യാപിച്ചവർ സഭ വിട്ട് പുറത്ത് പോയി തിരിച്ചു വരണം.

മി. സ്പീക്കർ: യെസ്.........യെസ് ......(ബഹളം)..........ശ്രീ. സി. ദിവാകരൻ പ്ലീസ് വൈന്റ് അപ്പ്.....

ശ്രീ. സി. ദിവാകരൻ: ഈ പശ്ചാത്തലത്തിൽ ധാർമ്മികമായ, രാഷ്ട്രീയമായ എല്ലാ ഉത്തരവാദിത്വവും ഏറ്റെടുത്തുകൊണ്ട് ശ്രീ. ഉമ്മൻ ചാണ്ടി രാജിവച്ച് ഈ മന്ത്രിസഭയിൽ നിന്ന് പിരിയണം. അതാണ് ഞങ്ങളുടെ ആവശ്യം.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സഭ വിട്ടു പുറത്തു പോയ പ്രതിപക്ഷനേതാവ് അല്പ സമയത്തിനുശേഷം വീണ്ടും സഭയിൽ പ്രവേശിച്ചു.)

ശ്രീ. സി.കെ. നാണു: സർ, ഇന്നലെ ഡോ. യാമിനി തങ്കച്ചി നടത്തിയ പത്രസമ്മേളനത്തിൽ ഞാൻ എന്റെ പിതാവിന് സമാനമായി കരുതിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഇതു സംബന്ധിച്ച് കുറെ കാര്യങ്ങൾ പറഞ്ഞിട്ടും അദ്ദേഹം എന്നോട് നീതി കാണിച്ചില്ല, വഞ്ചിച്ചുവെന്നൊക്കെ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഈ അടിയന്തര പ്രമേയം കൊണ്ടുവന്നത്. വിശദീകരണം നൽകിയ അവസരത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നം സംബന്ധിച്ച് ഒരു വാക്കുപോലും പറഞ്ഞില്ല. ഈ വിഷയം മുഖ്യ

മന്ത്രി വളരെ ഗൗരവമായി എടുക്കേണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഒരു പിതാവിനെപ്പോലെ ഞാൻ കണക്കാക്കി, അദ്ദേഹത്തോട് എല്ലാ കാര്യങ്ങളും പറഞ്ഞിട്ടും അതിന്റെ ഫലം ഇതാണ് എന്ന് പറഞ്ഞുകൊണ്ട് മാദ്ധ്യമ പ്രവർത്തകരുടെ മുമ്പിൽ ഡോ. യാമിനി തങ്കച്ചിയെ പൊട്ടിക്കരഞ്ഞു. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ വിഷയം മുഖ്യമന്ത്രി സ്വയം വരുത്തിവച്ചതാണ്. ആരേയും ഇതിന്റെ പേരിൽ ആക്ഷേപിക്കേണ്ട. ഈ പ്രശ്നത്തിൽ പ്രതിപക്ഷത്തുളള ഒരു കക്ഷിപോലും ഇടപെട്ടിട്ടില്ല. കേരളത്തിലെ മുഖ്യമന്ത്രിയുടെ അടുത്ത് ഒരു സ്ത്രീ അവരുടെ വേദനകൾ പോയി പറഞ്ഞിട്ടും, ആ മുഖ്യമന്ത്രിയെ ഒരു പിതാവിനെ പോലെ ഞാൻ സമീപിച്ചിട്ടും അദ്ദേഹം എനിക്കെതിരായി എന്ന് പറയുന്നു. അത്തരത്തിലുളള ഒരു പ്രശ്നത്തിൽ പോലും അതിന്റെ ധാർമ്മികത ഉൾക്കൊളളാൻ സാധിക്കാത്ത മുഖ്യമന്ത്രിയുടെ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ ഇറങ്ങിപോകുന്നു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, വളരെ അടിയന്തര പ്രാധാന്യമുളള ഒരു വിഷയമാണ് ഇവിടെ അവതരിപ്പിച്ചത്. ഒരു അമ്മയുടെ തേങ്ങൽ, ഒരു സഹോദരിയുടെ തേങ്ങൽ, ഒരു മകളുടെ തേങ്ങൽ ഇന്നലെ കേരളം കണ്ടതാണ്, ഇന്ത്യയാകെ കണ്ടതാണ്. മുഖ്യമന്ത്രി ഒരു അമ്മയുടെ തേങ്ങൽ കണ്ടില്ല; മുഖ്യമന്ത്രി ഒരു സഹോദരിയുടെ തേങ്ങൽ കണ്ടില്ല; മുഖ്യമന്ത്രി ഒരു മകളുടെ തേങ്ങൽ കണ്ടില്ല. ഒരു പ്രശ്നത്തിന് പരിഹാരം കാണേണ്ട മുഖ്യമന്ത്രി, നാടു മുഴുവനും നടന്ന് അപേക്ഷകൾ സ്വീകരിക്കുന്ന മുഖ്യമന്ത്രിയുടെ അടുക്കൽ ഒരു പാവപ്പെട്ട കുടുംബിനി വന്ന് അദ്ദേഹത്തിന്റെ കയ്യിലൊരു അപേക്ഷ കൊടുത്തിട്ട് എന്നെ രക്ഷിക്കണം, എന്റെ കുടുംബത്തെ രക്ഷിക്കണമെന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുപോലും അത് ചെവികൊളളാത്ത

ഒരു മുഖ്യമന്ത്രിയാണ് ഇപ്പോൾ ഈ കസേരയിൽ ഇരിക്കുന്നത്. കേരള ത്തിന്റെ മുഖ്യമന്ത്രി ജനാധിപത്യത്തിന് കളങ്കമായി മാറി. ഒരു നിമിഷം പോലും മുഖ്യമന്ത്രിക്ക് ആ കസേരയിൽ ഇരുന്ന് ഭരിക്കാനുള്ള അവകാശമില്ല. കേരളം കുടിവെള്ളത്തിനായി  കേഴുന്നു. തൊഴിൽത്തർക്കങ്ങൾ പരിഹരി ക്കാൻ കഴിയാത്ത തൊഴിൽ വകുപ്പുമന്ത്രി, ഗണേഷ് കുമാറിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കുടുംബം കൂട്ടിചേർക്കാൻ ശ്രമിക്കുന്നു. കേരളത്തിൽ നിരവധി വിഷയങ്ങൾ ഉണ്ട്. അതൊന്നും പരിഹരിക്കപ്പെടാൻ കഴിയാതെ കേരളം ഇപ്പോൾ കേഴുകയാണ്. ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണാൻ മുഖ്യമന്ത്രി ഇടപെടണമെന്നാണ് ഈ സഭയുടെ അഭിപ്രായം. അതു കൊണ്ട് കേരളീയ സമൂഹത്തിന്.........  (മൈക്ക് ഓഫ്).......ഈ പ്രശ്നം വഷളാക്കിയ, ഒരു കുടുംബജീവിതം തകർത്ത മുഖ്യമന്ത്രി രാജിവയ്ക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്.

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: കേരള നിയമസഭയുടെ പ്രൊസീഡിംഗ്സ് അനുസരിച്ച് വാക്കൗട്ട് നടത്തിക്കൊണ്ട് ഞാനും എന്റെ പാർട്ടിയും ഇറങ്ങി പോകുന്നു എന്ന് പറഞ്ഞിട്ട് സഭയിൽ തുടരുന്നത് നിയമസഭയുടെ ചട്ട ങ്ങൾക്ക് വിരുദ്ധമാണ്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണം.

<u>മി. സ്പീക്കർ</u>: ............(ബഹളം)............. ഞാൻ പറയുന്നത് ഒന്ന് കേൾക്കൂ. എന്നിട്ട് നിങ്ങൾ പറയൂ. കേരള നിയമസഭാ നടപടികളിലെ ചട്ടം 64 പ്രകാരം ശ്രീ. കെ. ബി. ഗണേഷ് കുമാർ ഈ സഭയിൽ ഒരു സ്റ്റേറ്റ്മെന്റ് നട ത്തണമെന്ന് ഇന്നലെ അർദ്ധരാത്രിതന്നെ എന്നെ അറിയിച്ചിട്ടുണ്ടായിരുന്നു. ............(ബഹളം)...................

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം അവരവരുടെ സീറ്റ് വിട്ട് മുന്നോട്ട് വന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)